NERVEEDHI

Volume -11, Issue - 07, 10th July 2022, Monthly, Price ₹ 25, Published at Kottayam

വാല്യം–11, ലക്കം–07, 10 ജൂലായ് 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഇതു മത്സര ഓട്ടം ആണോ?

പേജ് 9

Editorial

# സന്തോഷിക്കുവാൻ കാരണമുണ്ട്

**ലോ**കമനുഷ്യർ സന്തോഷിക്കുവാൻ കണ്ടെത്തുന്ന കാരണങ്ങൾ താൽക്കാലികം ആയതുകൊണ്ട് സന്തോഷവും അവർക്ക് താൽക്കാലികമാണ്. നാമും താൽക്കാലിക കാരണങ്ങളാൽ മാത്രം സന്തോഷിക്കുന്നവരായിപ്പോയോ എന്ന് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ പ്രത്യേകതയാണ് സന്തോഷിക്കുക എന്നത്. എപ്പോഴും സന്തോഷിക്കുക' എന്ന പ്രബോധനമാണ് പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ നമുക്ക് നൽകുന്നത്.

സന്തോഷത്തിന്റെ ഉറവിടം കർത്താവാണെന്ന യാഥാർത്ഥ്യം നാം ഓർക്കണം. 'കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ' (ഫിലിപ്പിയർ 4:4) എന്നാണല്ലോ പ്രബോധനം.കർത്താവിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നവർക്ക് മാത്രമേ എപ്പോഴും സന്തോഷിക്കുവാൻ കാരണങ്ങൾ ഉള്ളൂ. കർത്താവിൽ സന്തോഷിക്കുന്നവർക്ക് ജീവിതം ആനന്ദകരമാണ്. കാരണം അവരുടെ സന്തോഷം നൈമിഷികമല്ല. സന്തോഷത്തിന്റെ ഉറവിടമായ കർത്താവ് അവരിൽ ജീവിക്കുന്നതിനാൽ അവരുടെ സന്തോഷം ഉള്ളിൽ നിന്നുളവാകുന്ന അനുഭവമാണ്.

ഒരു ദൈവപൈതലിന്റെ മുഖത്ത് പ്രകടമാകുന്ന സന്തോഷം അവന്റെ ഉള്ളിലെ പ്രത്യാശയുടെ വിളംബരമാണ്. കഷ്ടവും ദു:ഖവും നിറഞ്ഞ, ഇരുൾ വ്യാപരിക്കുന്ന ഈ ലോകത്ത് പ്രതീക്ഷയും പ്രത്യാശയും പടർത്തുന്ന വെളിച്ചമായിരിക്കുവാൻ യഥാർത്ഥ ദൈവമക്കൾക്ക് കഴിയും. അതുകൊണ്ട് അവരിൽ ഉള്ള പ്രത്യാശയെക്കുറിച്ച് മറ്റുള്ളവർ അന്വേഷിക്കുവാൻ കാരണമാകും. ഒരു വിശ്വാസി എന്ന നിലയിൽ നമ്മിലുള്ള പ്രത്യാശയെക്കുറിച്ച് ചോദിക്കുന്നവരോട് അത് വിവരിച്ചു പറയുവാൻ നമ്മെ ഉപദേശിച്ചിട്ടുണ്ടല്ലോ (1 പത്രോസ് 3:15).

അപ്പോസ്തലന്മാർ അനുഭവിച്ച മഹാസന്തോഷത്തിന്റെ ചില കാരണങ്ങൾ വിശദമാക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. അവരുടെ അനുഭവം തന്നെയാണ് ക്രിസ്തുവിനെ അനുഗമിക്കുന്ന നമ്മുടെയും അനുഭവം ആയിരിക്കേണ്ടത്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്ന യാഥാർത്ഥ്യത്തിൽ ഉറച്ചതായിരിക്കണം നമ്മുടെ ജീവിതം. കാര്യസ്ഥനായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്ന ജീവിതം നയിക്കുന്നവർക്ക് മഹാസന്തോഷത്തോടെ കർത്താവിനെ ആരാധിച്ച് ആനന്ദജീവിതം നയിക്കുവാൻ കഴിയും എന്നത് ഉറപ്പാണ്.

ചിലർ എപ്പോഴും വളരെ പ്രസന്നവദനരാണ്. മരണം ജീവിതത്തിന്റെ അവസാനം അല്ലെന്നും, മരണാനന്തരമുള്ള നിത്യസന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ഉറപ്പു പ്രാപിച്ചവരാണ് ഇങ്ങനെ പ്രസന്നവദനരായും കാണപ്പെടുന്നത്. ഈ ഉറപ്പു നല്കിയിട്ടാണ് യേശുകർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത്. നാം വെളിപ്പെടുത്തുന്ന സന്തോഷത്തിനു നമ്മെ കാണുന്ന മറ്റുള്ളവർക്കു നമ്മിലൂടെ യേശുകർത്താവിനെ കണ്ടെത്തുവാൻ കഴിയും. ആകയാൽ മറ്റുള്ളവർക്ക് നമ്മുടെ ജീവിതത്തിലൂടെ യേശുവിനെ വെളിപ്പെടുത്തുന്ന സന്തുഷ്ട ഹൃദയരായി ജീവിക്കുവാൻ സമർപ്പിക്കാം. നാമായിരിക്കുന്ന വെല്ലുവിളികൾ നിറഞ്ഞ ഈ ദുർഘടകാലയളവിൽ ക്രിസ്തുവിലുള്ള സന്തോഷം ലോകത്തിനു പകർന്നു കൊടുക്കുന്നവരായി ജീവിക്കുവാൻ ഓരോ വായനക്കാരെയും ആഹ്വനം ചെയ്തു കൊണ്ട് ഈ ലക്കം വായനക്കാർ സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 7
ജൂലായ് 2022

# ഈ ലക്കത്തിൽ

**അപ്പോസ്തലന്മാരുടെ മഹാസന്തോഷം.** 4
ജോയ് എം. തോമസ്

**തിരുവത്താഴം ഓർമപ്പെടുത്തുന്നത്** 7
സാജു മാത്യു

**ഇതു മത്സര ഓട്ടം ആണോ?** 9
ബാബു ചെറിയാൻ

**ദൈവനീതിയിൽ നിന്നകറ്റുന്ന സ്വയനീതി** 11
ചെയ്സ് ജോസഫ്

**സ്വാർത്ഥത കൈവെടിയാം....** 13
ജോർജ് മാത്യു, പുതുപ്പള്ളി

**വാർത്താ വീഥി** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**ദൈവകൃപയ്ക്കൊത്തവണ്ണമുള്ള ജ്ഞാനം** 18
ജോൺസൺ കടമ്പനാട്

**വനിതാ വീഥി** 21
ജെസ്സി സാജു

**ദൈവവിളിയിലെ രഹസ്യങ്ങൾ** 22
വാച്ച്മാൻ നീ

**ബാസൽ മിഷന്റെ പങ്ക്** 24
ബെഞ്ചമിൻ വർഗീസ്

**വേദ അധ്യയനം** 27
ജോയ് എം. തോമസ്

**ആത്മാവിന്റെ ഐക്യതയുടെ പ്രാധാന്യം** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs250.00



ജോയ് എം. തോമസ്

# അപ്പോസ്തലന്മാരുടെ മഹാസന്തോഷം

സന്തോഷമാണല്ലോ ജീവിതത്തിൽ എല്ലാവരും അന്വേഷിക്കുന്നത്. സന്തോഷത്തിന്റെ ഉറവിടം കണ്ടെത്തിയവരാണ് ദൈവമക്കൾ. സന്തോഷിക്കുവാനുള്ള കാരണങ്ങളും സന്തോഷിക്കുവാനുള്ള ശരിയായ മാധ്യമവും രീതിയും യഥാർത്ഥ ദൈവമക്കൾ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് അവർ ധന്യരാണ്, ഈ ഭൂമിയിലെ അവരുടെ ജീവിതം വ്യർത്ഥമാകുന്നില്ല.

അപ്പോസ്തലന്മാർ അനുഭവിച്ച മഹാ സന്തോഷത്തെക്കുറിച്ചാണ് ഇന്നത്തെ സന്ദേശം. അതിന് ആധാരമായ തിരുവചനഭാഗം ഇവിടെ ഉദ്ധരിക്കുന്നു. അവർ മഹാസന്തോഷത്തോടെ മടങ്ങിച്ചെന്നു. എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്ന് ദൈവത്തെ വാഴ്ത്തി പോന്നു (ലൂക്കോസ് 24 :52, 53). യേശുകർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് സാക്ഷ്യം വഹിച്ച അപ്പസ്തോലന്മാർ ദു:ഖിതരായിരുന്നില്ല. പ്രത്യുത അവർ സന്തോഷവാന്മാരായിരുന്നു. അവർ മഹാസന്തോഷത്തോടെയാണ് യെരുശലേമിലേക്ക് മടങ്ങിപ്പോന്നത്. എന്തുകൊണ്ടായിരുന്നു അവർ ഇത്രയധികം സന്തോഷം ഉള്ളവരായിത്തീർന്നത്. അതിന്റെ ചില കാരണങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയും.

1. യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്ന് അവർക്ക് ബോധ്യമായി. മരണത്തെ ജയിച്ചവൻ എല്ലാറ്റിനും അതീതനായി ജീവിക്കുന്നവനാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും തനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്നാണ് അവിടുന്ന് അരുളിച്ചെയ്തത്.

ഉയിർത്തെഴുന്നേറ്റ കർത്താവ്, അവിടുന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന യാഥാർത്ഥ്യം ശിഷ്യന്മാരെ ബോധ്യപ്പെടുത്തുവാൻ 40 ദിവസത്തോളം പല അവസരങ്ങളിലായി ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുകയും ദൈവരാജ്യത്തെക്കുറിച്ച് അവരെ ഉപദേശിക്കുകയും ചെയ്തു. ചില പ്രിയപ്പെട്ടവർ 40 എന്ന സംഖ്യക്ക് പ്രാധാന്യത കൊടുത്തു പഠിപ്പിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. സംഖ്യക്ക് യാതൊരു പ്രാധാന്യതയും ഇല്ല എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന് തന്നെക്കുറിച്ച് ശിഷ്യന്മാർക്ക് നല്ല ബോധ്യം നൽകുവാൻ, 20 ദിവസമോ 30 ദിവസമോ ഇനി 40 ദിവസം കഴിഞ്ഞോ ആയിരുന്നു എങ്കിലും കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമായിരുന്നു എന്ന് നാം മനസ്സിലാക്കണം. അതല്ലാതെ ദിവസത്തിന് ഇവിടെ യാതൊരു പ്രത്യേകതയും ഇല്ല. ശിഷ്യന്മാരെ പലകാര്യങ്ങളും ബോധ്യപ്പെടുത്തുവാൻ കർത്താവു 40 ദിവസം എടുത്തു. സർവ്വജ്ഞാനത്തിൽ എല്ലാം അറിയുന്ന കർത്താവ് തന്റെ

സ്വർഗ്ഗാരോഹണം അങ്ങനെ തന്നെ പ്ലാൻ ചെയ്യുകയും ചെയ്തു.

യേശുകർത്താവ് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്ന വാസ്തവം ശിഷ്യന്മാരെ ധൈര്യശാലികളാക്കി മാറ്റി. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടെന്ന കർത്താവിന്റെ വാഗ്ദത്തം അവർക്ക് വാസ്തവമായി അനുഭവപ്പെട്ടു. അതുകൊണ്ട് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മഹാസന്തോഷത്തോടെ അവർ യെരുശലേമിലേക്ക് മടങ്ങിപ്പോന്നു. യേശുകർത്താവുമായി ആത്മബന്ധം ഉള്ളവർക്കെല്ലാം അവിടുന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന ബോധ്യം ഹൃദയത്തിൽ ഉണ്ടായിരിക്കും. ജീവിക്കുന്ന കർത്താവ് തങ്ങളോടൊപ്പം ഏത് സാഹചര്യത്തിലും സംരക്ഷകനായി ഉണ്ടെന്നുള്ളത് അവർക്ക് ഒരു വാസ്തവം ആയിരിക്കുന്നു. അപ്പോസ്തലന്മാർക്ക് അവരുടെ ആശയക്കുഴപ്പത്തിന്റെയും ആശങ്കയുടെയും ഭയത്തിന്റെയും ആവശ്യങ്ങളുടെയും വ്യത്യസ്ത സാഹചര്യങ്ങളിൽ അരുമനാഥന്റെ സാന്നിധ്യം ബോധ്യപ്പെടുത്തുവാൻ ആണ് കർത്താവ് അവർക്ക് ഇടക്കിടയ്ക്ക് പ്രത്യക്ഷപ്പെട്ടത്. അവരോട് കൂടെ ഇരുന്നത് പോലെ നമ്മോടുകൂടെയും തന്റെ ദിവ്യസാന്നിധ്യം ഉണ്ടെന്നുള്ളത് അവിടുത്തെ ഉറപ്പായ വാഗ്ദാനമാണ്.

2. അപ്പോസ്തലന്മാരുടെ മഹാസന്തോഷത്തിന്റെ മറ്റൊരു കാരണം കർത്താവിന്റെ സ്വർഗ്ഗാരോഹണം തങ്ങൾക്ക് ഏറ്റവും പ്രയോജനം എന്ന് അവർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞു എന്നതാണ്. കർത്താവ് അവരോട് മുൻപറഞ്ഞ വചനങ്ങൾ അവർക്ക് ഓർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ‘എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു: ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും (യോഹന്നാൻ 16 :7 ).

സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പ് കർത്താവ് താൻ അരുളിച്ചെയ്ത വാഗ്ദാനം അവരെ ഓർമ്മപ്പെടുത്തി. അങ്ങനെ അവർ അവരുമായി കൂടിയിരിക്കുമ്പോൾ അവരോട്; നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കണം, യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കുമെന്ന് കൽപ്പിച്ചു (അപ്പോസ്തല പ്രവർത്തികൾ 1 4:5). തുടർന്ന് താൻ അരുളിച്ചെയ്ത വചനം കൂടി ഇതോടൊപ്പം ചേർത്ത് ചിന്തിക്കാം. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു (അപ്പോസ്തല പ്രവർത്തികൾ 1:8). ഈ വാഗ്ദത്തം ഉറപ്പിച്ച് കൊടുത്തതിനുശേഷം ആണ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത്. ഇത് പറഞ്ഞശേഷം അവർ കാൺകെ അവിടുന്ന് സ്വർഗാരോഹണം ചെയ്തു (അപ്പോസ്തല പ്രവർത്തികൾ 1:9).

പരിശുദ്ധാത്മാവെന്ന കാര്യസ്ഥനാണ് ദൈവമക്കളെ വഴി നടത്തുന്നതും ശക്തികരിച്ച് ജയജീവിതത്തിന് പ്രാപ്തരാക്കുന്നതും കർത്താവിന്റെ മഹത്വത്തിനായി പ്രയോജനപ്പെടുത്തുന്നതും. പരിശുദ്ധാത്മാവിനെ കാര്യസ്ഥനായി ലഭിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യതയും അപ്പോസ്തലന്മാർ തിരിച്ചറിഞ്ഞതിനാൽ കർത്താവ് പോകുന്നതിന്റെ പ്രയോജനം അവർ മനസ്സിലാക്കി. അവർക്കുണ്ടായ മഹാസന്തോഷത്തിന് അത് ഒരു കാരണമാണെന്ന് കരുതാം.

3. മഹാസന്തോഷത്തോടെ അപ്പോസ്തലന്മാർ യെരുശലേമിലേക്ക് മടങ്ങിപ്പോന്നതിന്റെ കാരണമായി പരിഗണിക്കാവുന്ന മറ്റൊരു കാര്യം കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ച് അവർക്ക് ലഭിച്ച ഉറപ്പായിരുന്നു. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിനെ നോക്കി, ആകാശത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്ന അവരുടെ അടുക്കൽ വെള്ള വസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ വന്നു നിന്നുകൊണ്ട് പറഞ്ഞു: ‘ഗലീല പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും’ (അപ്പോസ്തല പ്രവർത്തികൾ 1:11).

കർത്താവ് ആരോഹണം ചെയ്യുന്നതും ഒരു മേഘം വന്നു കർത്താവിനെ മൂടി അവരുടെ കാഴ്ചക്ക് മറയുന്നതും അവർ അവരുടെ കണ്ണുകൾ കൊണ്ട് കണ്ട യാഥാർത്ഥ്യമാണ്. കർത്താവ് സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി തങ്ങൾ കണ്ടതുപോലെ തന്നെ അവിടുന്ന് മടങ്ങിവരും എന്ന വാർത്ത അവർക്ക് ഏറ്റവും സന്തോഷത്തിന് കാരണമായി. മടങ്ങിവരും എന്ന് കർത്താവ് തന്നെ നൽകിയ വാഗ്ദത്തം അപ്പോൾ അവർ ഓർത്തു കാണും. ‘എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം

വാസസ്ഥലങ്ങൾ ഉണ്ട് ; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'.

തങ്ങൾക്ക് സ്വർഗീയ പിതാവിന്റെ ഭവനത്തിൽ ഇടം ഒരുക്കപ്പെടുന്നു എന്നുള്ളതും കർത്താവു മടങ്ങിവന്ന് ആ ഭവനത്തിൽ കർത്താവിനോടൊപ്പം വസിപ്പാൻ ചേർത്തുകൊള്ളും എന്നതുമായ വാർത്ത അവരെ എത്ര അധികം സന്തോഷിപ്പിച്ചു കാണും. അത് അവരുടെ ഭാവിയുടെ സുനിശ്ചിതത്വം ആണല്ലോ. ഇന്ന് നമുക്കും അങ്ങനെതന്നെ. അതുകൊണ്ട് അപ്പോസ്തോലന്മാർ മഹാസന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിപ്പോന്നു.

ഈ മഹാസന്തോഷം അവർ ആഘോഷിച്ചത് എങ്ങനെയായിരുന്നു എന്നതും നമ്മെ ചിന്തിപ്പിക്കുന്നതാണ്. 'മഹാ സന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിച്ചെന്ന് എല്ലായ്പ്പോഴും ദൈവാലയത്തിലിരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു' (ലൂക്കോസ് 24: 52, 53) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നമുക്ക് സന്തോഷിക്കുവാനുള്ള യഥാർത്ഥ രീതി ദൈവത്തെ ആരാധിക്കുക; സ്തുതിച്ചു മഹത്വപ്പെടുത്തുക എന്നതാണ്. അതാണ് കർത്താവിന്റെ അപ്പസ്തോലന്മാർ നമുക്ക് കാണിച്ചു തരുന്ന മാതൃക. ●

## പ്രാർഥനയോടെ ധ്യാനിക്കുമ്പോൾ

അധികാരമുള്ളവൻ കല്പിച്ചാൽ അധികാരത്തിനു കീഴ്പ്പെട്ടവർ അനുസരിച്ചേ പറ്റൂ. യേശുവിനെ കർത്താവെന്ന് ഏറ്റുപറഞ്ഞ ദൈവമക്കൾ കർത്താവിന്റെ കല്പനകൾ ചോദ്യംചെയ്യാതെ അനുസരിക്കാൻ കടപ്പാടുള്ളവരാണ്. കല്പനകൾ സൗകര്യാനുസരണം അനുസരിക്കുകയോ പറ്റില്ലെന്നു തോന്നിയാൽ തള്ളിക്കളകയോ ചെയ്യാൻ നമുക്ക് അതിന്മേൽ വിവേചനാധികാരമില്ല.

പുതിയനിയമത്തിന്റെ അടിസ്ഥാനപ്രമാണങ്ങളുടെ അനുസരണം മാത്രമല്ല, വചനം പ്രാർഥനയോടെ ധ്യാനിക്കുമ്പോൾ പരിശുദ്ധാത്മാവ് നിയോഗമായി ഉള്ളിൽ പ്രകാശിപ്പിക്കുന്ന ആലോചനകളുടെ അനുസരണവും നമ്മുടെ കടപ്പാടാണ്. അവയിൽ തെറ്റുകളുടെ തിരുത്തലുകൾ, ജീവിതക്രമീകരണം, ഉത്തരവാദിത്തങ്ങളുടെ നിർവഹണം, ശുശ്രൂഷകൾക്കു ചുമൽകൊടുക്കൽ തുടങ്ങി പലതുമുണ്ടാകാം. ഏതായാലും ചോദ്യംചെയ്യാതെ അനുസരിക്കുക എന്നതാണു പ്രധാനം.

ഇനി, നാളുകളായി കർത്താവു ഭരമേൽപിച്ച ആത്മിക ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിനു പ്രതിഫലം കിട്ടിയിട്ടില്ല, ദൈവം മാനിച്ചിട്ടില്ല തുടങ്ങിയ പരാതികൾ മനസ്സിന്റെ ഉള്ളിൽ സൂക്ഷിച്ചു ഭാരപ്പെടുന്നുവെങ്കിൽ അവിടെയും തെറ്റുപറ്റിയിരിക്കയാണു നമുക്ക്. കർത്താവു പ്രതിഫലം തരുമെന്നത് തീർച്ച. പക്ഷെ, അത് അർഹതയുടെ പേരിലാകാൻ സാധ്യമല്ല. കാരണം, നമ്മുടെ കടപ്പാടുകൾ ദൈവസന്നിധിയിൽ കൃത്യമായി ചെയ്തുതീർത്തു എന്ന് നമുക്കെങ്ങനെ അവകാശപ്പെടാനാകും! ലഭിക്കുന്നത് അർഹതയുടെ പേരിലല്ല, കൃപയുടെ പേരിലായിരിക്കും.

"അവ്വണ്ണം നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവിൻ"(ലൂക്കൊസ്17:10). ●



സാജു മാത്യു

# തിരുവത്താഴം ഓർമപ്പെടുത്തുന്നത്

*"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏൽപിച്ചുതരികയും ചെയ്തതെന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് സ്തോത്രംചൊല്ലി നുറക്കി; ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമയ്ക്കായി ഇതു ചെയ്‌വിൻ" എന്നു പറഞ്ഞു (1 കൊരിന്ത്യർ 11 : 23,24).*

ദുർമന്ത്രവാദത്തിലും പ്രാകൃതാചാരത്തിലും മുഴുകി ജീവിച്ചിരുന്ന ഒരു ആഫ്രിക്കൻ വനിത, യേശുവിനെ രക്ഷിതാവാക്കി ക്രിസ്ത്യാനിയായിത്തീർന്നു. ഭർത്താവ് മദ്യപാനിയും ദുർവൃത്തനുമായിരുന്നു. നേരത്തെ ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുകയും ഇരുവരും അന്യോന്യം ഉപദ്രവിക്കുകയും ചെയ്തിരുന്നു. എന്നാൽ, രക്ഷിക്കപ്പെട്ട ഈ വനിത, ഭർത്താവിനെ അനുസരിച്ചു ജീവിക്കാൻ തീരുമാനമെടുത്തു. അയാൾ മദ്യപിച്ചു വന്നു കഠിനമായി തല്ലുകയും ഉപദ്രവിക്കുകയും ചെയ്തപ്പോഴും ഒരക്ഷരംപോലും മറുത്തുപറയാതെ അവൾ കുടുംബത്തിൽ തന്റെ ക്രിസ്തീയ സാക്ഷ്യം നിലനിർത്തി.

ഇങ്ങനെ ഭർത്താവിന്റെ മർദനമേറ്റ അവൾ എത്ര കാലം മുന്നോട്ടു പോയെന്നോ? പന്ത്രണ്ടു വർഷം! ഒടുവിലൊരിക്കൽ അയാൾ അവളോടു പറഞ്ഞു: "ഈ ഞായറാഴ്ച ഞാനും കൂടി നിന്റെ പള്ളിയിൽ വരികയാണ്!"

പള്ളിയിൽ വന്ന് അയാൾ ഏറ്റവും പുറകിലിരുന്നു. സ്ത്രീയാകട്ടെ ഭയഭക്തിയോടെ ഏറ്റവും മുന്നിലും...പള്ളിയിലെ എല്ലാ കാര്യങ്ങളും അയാൾക്കു പുതുമയായിരുന്നു- പാട്ടും ആരാധനയും പ്രസംഗവും എല്ലാം!

അയാൾ ആകെ അസ്വസ്ഥനായി. കള്ളുഷാപ്പിലല്ലാതെ അയാൾ ഒരു മണിക്കൂർ ഒരുമിച്ചിരുന്നിട്ടുണ്ടാവില്ല.

അങ്ങനെയിരിക്കെ കർത്തൃമേശയുടെ സമയമായി. ശുശ്രൂഷകൻ അപ്പവുംവീഞ്ഞും കരങ്ങളിലെടുത്തു വാഴ്ത്തി! വീഞ്ഞുകണ്ട് ഈ മനുഷ്യൻ അത്ഭുതപ്പെട്ടുപോയി. "ആഹാ! ഇവിടെ ഇതുമുണ്ടോ?" എന്നാൽ, വീഞ്ഞു കണ്ട് വിടർന്ന അയാളുടെ കണ്ണുകൾ പെട്ടെന്നു മങ്ങി. കാരണം, ശുശ്രൂഷകൻ ഓരോരുത്തർക്കും കൊടുത്ത വീഞ്ഞ് ഒരു സ്പൂണിൽ കൊള്ളാവുന്നത്ര മാത്രം!

തിരികെ പോകുമ്പോൾ അയാൾ ഭാര്യയോടു ചോദിച്ചു: "നിങ്ങളുടെ പാസ്റ്റർ നിങ്ങൾക്കു ഓരോ സ്പൂൺ വീഞ്ഞു തന്നാൽ നിങ്ങൾക്കു എന്താകാനാണ്? ഞാനാണെങ്കിൽ, എനിക്കു ആ വീഞ്ഞ് പത്തുകുപ്പി കുടിച്ചാലും 'കിക്കാ'കുമെന്നു തോന്നുന്നില്ല".

ഇതു കേട്ടിട്ടും ആ സ്ത്രീ ഭർത്താവിനോടു കയർത്തൊന്നുമില്ല. വളരെ ശാന്തയായി അവൾ പറഞ്ഞു:"പ്രിയപ്പെട്ടവനേ, എന്താണു സംഭവിക്കുന്നതെന്നു വിശദീകരിച്ചു തരാൻ എനിക്കറിയില്ല. എന്നാൽ, ഒരു കാര്യം ഞാൻ പറയാം കർത്താവിന്റെ പാനപാത്രത്തിൽ പങ്കുകാരിയായിത്തീരുമ്പോൾ ഞാൻ നിറഞ്ഞവളായിത്തീരുന്നു! "(When I take part from the cup, I feel, I am full!).

കർത്താവിന്റെ അത്താഴത്തെ വിശദീകരിക്കുന്ന വേദഭാഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വേദഭാഗമാണു നാം ഇന്നു വായിക്കുന്നത്! യേശുകർത്താവ് ഭൂമിയിൽ തന്റെ ശിഷ്യന്മാരുമായി തിരുമേശ പങ്കുവയ്ക്കുന്ന ചരിത്രം വ്യക്തമായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്

(മത്തായി. 26:26–28; മർക്കൊസ്14:22–24; ലൂക്കൊസ് 22:19,20). ഏതാണ്ട് അതേ വിവരണം, യേശുവിനെ കണ്ടിട്ടില്ലാത്ത പൗലൊസ് ഇവിടെ വിവരിക്കുന്നു: "കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി... അവ്വണ്ണം അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു... (1 കൊരിന്ത്യർ. 11: 23–26).

യേശുവിന്റെ ഐഹിക ജീവിതകാലത്തു അവൻ ചെയ്ത അത്ഭുതപ്രവൃത്തികളോ, യേശുവിന്റെ വ്യക്തിജീവിതത്തിലെ ഏതെങ്കിലും സംഭവങ്ങളോ അതായിത്തന്നെ തന്റെ ലേഖനങ്ങളിലൊന്നും പൗലൊസ് ഉദ്ധരിച്ചിട്ടില്ലെന്നോർക്കണം. എന്നാൽ, യേശുവിന്റെ ക്രൂശുമരണത്തിനു തൊട്ടു മുമ്പ് തന്റെ ശിഷ്യന്മാരുടെ കൂട്ടായ്മയിൽ അവിടുന്നു ആചരിച്ചു കാണിച്ചുകൊടുത്ത തിരുവത്താഴത്തിന്റെ വിവരണം പൗലൊസ് സമവീക്ഷണ സുവിശേഷ രചനകളിൽ നിന്നു ഒന്നും ചോർന്നു പോകാതെ ഉദ്ധരിച്ചിരിക്കുന്നു!

പല പേരുകളിലാണു വിശുദ്ധസംസർഗം (Holi Communion) അറിയപ്പെടുന്നത്. ഓരോ പേരും വളരെ അർഥസംപുഷ്ടമാണുതാനും.

"കർത്താവിന്റെ അത്താഴം" (Lord's Supper) എന്നാണു നമ്മുടെ വേദഭാഗത്തു കാണുന്നത് (1 കൊരിന്ത്യർ. 11:20). അർഥസംപുഷ്ടമായ ഒരു വാക്കാണിത്. പെസഹാദിവസം കർത്താവ് തന്റെ ശിഷ്യന്മാർക്കുവേണ്ടി ഒരു അത്താഴമൊരുക്കി. (ശിഷ്യന്മാർ കർത്താവിനൊരു മേശയൊരുക്കാനാണ് ആഗ്രഹിച്ചത്. എന്നാൽ, യേശു ശിഷ്യന്മാർക്കുവേണ്ടി മേശ ഒരുക്കിയിരുന്നു–മത്തായി 26:17–20). അന്നു അത്താഴത്തിന്റെ ആതിഥേയൻ (Host) കർത്താവുതന്നെയായിരുന്നു. അവിടുന്നാണല്ലോ അപ്പം നുറുക്കിക്കൊടുത്തത്! ഇന്നും ലോകത്തിലെവിടെ തിരുവത്താഴ ശുശ്രൂഷ നടത്തിയാലും ആതിഥേയൻ യേശുകർത്താവു തന്നെ.

അക്ഷരികമായി യേശു നമ്മോടൊപ്പമിരുന്നു അപ്പം നുറുക്കുകയോ മുന്തിരിച്ചാറു കുടിക്കുകയോ ചെയ്യുന്നില്ലെന്നു നമുക്കറിയാം. "എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ കുടിക്കുന്ന നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ അനുഭവത്തിൽനിന്നു കുടിക്കുകയില്ല"(മത്തായി 26:29) എന്നു കർത്താവു പറഞ്ഞിട്ടുണ്ട്. എന്നാൽ, ഓരോ തിരുവത്താഴവും ഇന്നും 'കർത്താവിന്റെ അത്താഴം' (Lord's supper)തന്നെയാണ്! അവിടുന്നു നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന മേശ! ദൃശ്യലോകത്തു ശുശ്രൂഷകരാണു അപ്പം നുറുക്കിത്തരുന്നതെങ്കിലും അദൃശ്യലോകത്തു കർത്താവുതന്നെയാണു നമുക്കു അപ്പം നുറിക്കിത്തരുന്നത്; വീഞ്ഞു പകർന്നു തരുന്നത്!

"യേശു അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; അതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ...ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു..."(1 കൊരിന്ത്യർ. 11: 23–25).

അപ്പം യേശുവിന്റെ ശരീരം; വീഞ്ഞ് യേശുവിന്റെ രക്തം...അക്ഷരികാർഥത്തിൽ അതു സംഭവിക്കുന്നുവോ? ഒരിക്കലുമില്ല. ശുശ്രൂഷകൻ പ്രാർഥിക്കുമ്പോൾ അപ്പവീഞ്ഞുകൾ ശരീരരക്തമായി രൂപാന്തരപ്പെടുന്നു. (transubstantiation) എന്നൊരു ദുരപദേശം പ്രചാരത്തിലുണ്ട്. എന്നാൽ, എന്താണു സത്യം?

യേശു അപ്പം എടുത്ത് ഇതു എന്റെ ശരീരം എന്നു പറഞ്ഞു (1 കൊരിന്ത്യർ. 11 :24) പാനപാത്രം തന്റെ രക്തമാണെന്നും എന്നാൽ, അടുത്ത വാക്യം എന്താണു പറയുന്നത്? അങ്ങനെ നിങ്ങൾ ഈ 'അപ്പം' തിന്നുകയും 'പാനപാത്രം' കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം തന്റെ മരണത്തെ പ്രസ്താവിക്കുന്നു. അപ്പവും വീഞ്ഞും വാഴ്ത്തപ്പെട്ടശേഷം ഭക്ഷിക്കുമ്പോഴും അത് "അപ്പവും" "പാനപാത്ര"വുമാണ്; അല്ലാതെ 'മാംസവും" 'രക്തവും" അല്ല!

അക്ഷരത്തിന്റെ ലോകത്തു നാം ഭക്ഷിക്കുന്നതു മാംസവും രക്തവും അല്ല; അപ്പവും വീഞ്ഞുമാണ്. എന്നാൽ, ആത്മാവിന്റെ അദൃശ്യലോകത്ത് അതു റൊട്ടിയും മുന്തിരിച്ചാറുമല്ല, നമുക്കുവേണ്ടി തകർക്കപ്പെട്ട യേശുവിന്റെ ശരീരവും നമ്മെ വീണ്ടെടുത്ത പുതിയനിയമത്തിൽ രക്തവും ആകുന്നു (1 കൊരിന്ത്യർ. 11:.24,25).

യേശു തന്നെത്തന്നെ നമുക്കു ഭക്ഷിപ്പാൻ തരുന്നു. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും (യോഹന്നാൻ 5: 56). ഇന്നും അവിടുന്നു തന്റെ ശരീരത്തെ നമുക്കുവേണ്ടി നുറുക്കിത്തരുന്നു; ഇന്നും അവിടുന്നു തന്റെ രക്തം നമുക്കുവേണ്ടി പകർന്നു തരുന്നു– അക്ഷരിക അർഥത്തിലല്ല; ആത്മാവിൽ! അതുകൊണ്ടാണു ആ ആഫ്രിക്കൻ വനിതയ്ക്കു ഞാൻ കർത്താവിന്റെ പാനപാത്രത്തിൽ പങ്കാളിയാകുമ്പോൾ നിറഞ്ഞവ

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ഇതു മത്സര ഓട്ടം ആണോ?

***ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനെ വിരുത് പ്രാപിക്കുന്നുള്ളൂ എന്നറിയുന്നില്ലയോ. നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ (1 കൊരിന്ത്യർ 9: 24).***

**ക്രി**സ്തീയജീവിതവും ശുശ്രൂഷയും ഒരു മത്സര ഓട്ടം ആണെന്നുള്ള ധ്വനിയാണ് മേലുദ്ധരിച്ച വാക്യത്തിൽ ഉള്ളത്. ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനെ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ.... ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നത് പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത് (1 കൊരിന്ത്യർ 9: 24 -26)

ഈ വചനം ആദ്യം വായിച്ചപ്പോൾ എനിക്ക് നിരാശയുണ്ടായി. കാരണം ഞാൻ ഇന്നുവരെ ഒന്നിലും ഒന്നാമൻ ആയിട്ടില്ല. സ്കൂളിലും, സൺഡേസ്കൂളിലും, യുവജനസമ്മേളനങ്ങളിലും ഞാൻ ഒരു ആവറേജ് മാത്രമായിരുന്നു. അങ്ങനെയെങ്കിൽ എനിക്ക് സ്വർഗ്ഗം അപ്രാപ്യം ആകുവാനാണ് സാധ്യത. പിന്നീട് ശുശ്രൂഷയിൽ വന്നപ്പോൾ വീണ്ടും ദുഷ്കരമായിത്തീർന്ന വചനമാണിത്. എനിക്ക് ഒന്നിലും ഒന്നാമനാകാൻ കഴിയില്ലെന്ന് നന്നായി അറിയാം. പ്രസംഗം, പാട്ട്, ഭാഷാശുദ്ധി, എഴുത്ത്, ബുദ്ധി, നയം, തന്ത്രം, ഇലക്ഷൻ, ഇതിലൊന്നും ഒന്നാമനാകാൻ ഒരു സാധ്യതയും ഇല്ല. ഒരുവനെ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന വചനം എന്നെ വല്ലാതെ അസ്വസ്ഥമാക്കിയിരുന്നു സത്യം. എന്നാൽ പിന്നത്തേതിൽ ധാരാളം വചനങ്ങൾ ഞാൻ ധ്യാനിച്ച് ശുശ്രൂഷയിൽ മുന്നേറിയപ്പോൾ എന്റെ ധാരണ മാറുവാൻ തുടങ്ങി. ഉത്തമരായ വേദശാസ്ത്രികളുടെ പ്രസംഗം കൂടി കേട്ടപ്പോൾ കൂടുതൽ വ്യക്തത ലഭിച്ചു.

ഈ വചനത്തിൽ രണ്ടു കാര്യമാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്. ഒന്ന്, നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഒടുവിൻ എന്നകാര്യം. രണ്ട്, ആകയാൽ ഞാൻ നിശ്ചയമില്ലാതെവണ്ണം അല്ല ഓടുന്നത് എന്ന വചനം. നിങ്ങൾക്കും പ്രാപിക്കുവാൻ കഴിയും എന്ന ഉറപ്പോടെ ഓടുക. ലക്ഷ്യബോധത്തോടെ ഓടുക, ഇതാണ് യഥാർത്ഥ അർത്ഥം. പൗലോസ് അപ്പോസ്തോലൻ തന്റെ സമാപന ലേഖനത്തിൽ തന്റെ ഓട്ടം തികച്ചു എന്ന് പറയുമ്പോൾ തനിക്ക് ലഭിക്കുന്ന കിരീടത്തെപ്പറ്റിയും പറയുന്നുണ്ട്. ആ കൂട്ടത്തിൽ തനിക്ക് മാത്രമല്ല കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കിരീടം ഉണ്ട് എന്നുറപ്പു തരുന്നുണ്ടല്ലോ. (2 തിമൊഥെയോസ് 4 :7,8 ). ഈ സത്യം ലഭിച്ചപ്പോൾ എന്റെ നിരാശ മാറി പ്രത്യാശയായി.

**ആകയാൽ ഞാൻ നിശ്ചയ മില്ലാതെവണ്ണം അല്ല ഓടുന്നത് എന്ന വചനം പോലെ നിങ്ങൾക്കും പ്രാപിക്കുവാൻ കഴിയും എന്ന ഉറപ്പോടെ ലക്ഷ്യത്തി ലേക്കു ഓടുക, ഇതാണ് യഥാർത്ഥ അർത്ഥം.**

## ഇതു മത്സര ഓട്ടം ആണോ?

**എന്നാൽ ക്രിസ്തീയജീവിതവും ശുശ്രൂഷയും മത്സരമല്ല. ഒരിക്കലും അങ്ങനെ ആകരുത്. എനിക്ക് ആരെയും തോൽപ്പിക്കാൻ ഇല്ല, എന്നെ ആർക്കും തോൽപ്പിക്കാൻ കഴിയില്ല. നമുക്കൊരു എതിരാളി ഉണ്ട്. അത് പിശാചാണ്. അവൻ നമ്മെ തോൽപ്പിക്കരുത്.**

മത്സര ഓട്ടങ്ങളുടെയും കായികവിനോദങ്ങളുടെയും നാടായ ഗ്രീക്കുകാർക്ക് വേണ്ടി എഴുതുന്ന കത്താണല്ലോ കൊരിന്ത്യ ലേഖനങ്ങൾ. അവർക്ക് മനസിലാകുന്ന ഭാഷയിൽ താൻ കാര്യം വ്യക്തമാക്കുകയാണ് ഇവിടെ. തന്റെ പ്രധാന ചിന്താവിഷയം ഓട്ടക്കാരന്റെ അച്ചടക്കവും ലക്ഷ്യവുമാണ്. എല്ലാവരും ഓടുകയാണ്, എല്ലാവരും ജയിക്കണം. എല്ലാവർക്കും കിരീടവും ഉണ്ട്. ഒന്നോ രണ്ടോ പേർക്ക് മാത്രം അല്ല കിരീടം. ഗ്രീസിൽ ഓടുന്നവർ തമ്മിൽ മത്സരിച്ചാണ് ഓടുന്നത്. അതിൽ ആയിരക്കണക്കിന് ആളുകൾ ഓടുന്നു, പക്ഷേ ഒന്നോ രണ്ടോ പേർക്ക് മാത്രം കിരീടം ലഭിക്കുന്നു. എന്നാൽ ക്രിസ്തീയ ഓട്ടം മത്സര ഓട്ടം അല്ല. ഓരോരുത്തരുടെയും മുൻപിൽ വച്ചിരിക്കുന്ന ഒരു ഓട്ടം ഉണ്ട്. അതു മാത്രമാണ് അവർ ഓടി തികക്കേണ്ടത്. (എബ്രായർ 12:2, അപ്പോസ്തല പ്രവർത്തികൾ 20: 24).

മത്സര ഓട്ടത്തിൽ ജയം അല്ല ലക്ഷ്യം. അപരന്റെ പരാജയമാണ് ലക്ഷ്യം. ഞാൻ എത്ര നന്നായി ഓടിയാലും എന്റെ സഹ ഓട്ടക്കാരൻ തോൽക്കുന്നില്ലെങ്കിൽ ഞാൻ ജയിക്കുന്ന പ്രശ്നമേ ഇല്ല. അപ്പോൾ എന്റെ ജയം എന്റെ സഹപാഠിയുടെ പരാജയത്തെ ആശ്രയിച്ചിരിക്കുന്നു. ഇതല്ലേ ഇലക്ഷനുകളിൽ കാണുന്ന തന്ത്രം. എതിർ സ്ഥാനാർത്ഥിയെ താറടിക്കുന്നതിൽ ആണ് പലരും ഫോക്കസ് ചെയ്യുന്നത്. അതെത്ര അപരിഷ്കൃതമാണ്. നാളെയും കാണേണ്ടതാണ് എന്നുള്ള ചിന്ത പോലുമില്ലാതെയുള്ള കളികൾ. പണ്ടൊരിക്കൽ ഇന്ത്യയുടെ ആദരണീയനായ മുൻ രാഷ്ട്രപതി കെ ആർ നാരായണൻ ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും പാർലമെന്റിലേക്ക് മത്സരിച്ചപ്പോൾ എതിർസ്ഥാനാർഥി തനിക്കെതിരെ വിലകുറഞ്ഞ ആരോപണങ്ങൾ ഉന്നയിച്ചു. നാരായണന് മുണ്ടുടുക്കാൻ അറിയത്തില്ല, പാന്റും കോട്ടും ഇടുവാനെ അറിയൂ... സാധുക്കളായ ജനങ്ങളെ വശീകരിക്കാൻ പറഞ്ഞ ഈ വാക്കുകൾക്ക് നാരായണൻ സാർ പറഞ്ഞ മറുപടി രസാവഹമാണ്. എനിക്ക് മുണ്ടുടുക്കാൻ മാത്രമല്ല മുണ്ട് മുറുക്കി ഉടുക്കുവാനും അറിയാം. മാത്രമല്ല മലയാളം അറിയില്ലെന്നും എതിർസ്ഥാനാർത്ഥി തട്ടിവിട്ടു. നാരായണൻ സാർ അതിരാവിലെ എതിർ സ്ഥാനാർത്ഥിയുടെ വീട്ടിലെത്തി കതകിൽ മുട്ടി. മുണ്ടുടുത്തു നിൽക്കുന്ന നാരായണനെ കണ്ട എതിർസ്ഥാനാർത്ഥി ശരിക്കും ഞെട്ടി. എന്തുണ്ട് വിശേഷം? പ്രവർത്തനങ്ങൾ നന്നായി പുരോഗമിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ ഒന്നും മിണ്ടുവാൻ കഴിയാതെ വാക്കുകൾ കിട്ടാതെ നിൽക്കുന്ന എതിരാളിയെ കണ്ടു നാരായണൻ സാർ പറഞ്ഞു : മലയാളം അറിയില്ല അല്ലേ? എത്ര രസകരമായ മത്സരം. പക്ഷേ ഇന്ന് ഭാഷയും കൾച്ചറും ആകെ മാറിയിരിക്കുന്നു.

നമ്മുടെ യുവാക്കളുടെ താലന്ത് പരിശോധന എന്ന ഓമനപ്പേരിലുള്ള മത്സരത്തിലെ ഒരു കഥ പറയാം. ഇന്ന് കർത്താവിന്റെ കരങ്ങളിൽ ഇണങ്ങിയ ആയുധമായി സംഗീത ശുശ്രൂഷയിൽ പ്രയോജനപ്പെടുന്ന ഒരു യുവാവുമൊത്ത് ഒരു വിദേശ രാജ്യത്ത് ഞങ്ങൾ ആയിരിക്കുമ്പോൾ കേട്ട ഒരു സംഭാഷണം കുറിക്കട്ടെ. ശുശ്രൂഷയുടെ ഒടുവിൽ പ്രാർത്ഥിക്കുവാൻ വന്നവരിൽ ഒരു ചെറുപ്പക്കാരിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. ഈ പാട്ടുപാടുന്ന അച്ചാച്ചൻ വയറിളക്കം പിടിക്കണേ എന്ന് ഞങ്ങൾ എത്ര തവണ പ്രാർത്ഥിച്ചിട്ടുണ്ട് എന്ന് അറിയാമോ? താലന്ത് പരിശോധനയിൽ മുഴുവൻ സമ്മാനവും ഈ അച്ചാച്ചനാണ് കൊണ്ടുപോകുന്നത്. മത്സരം എവിടെയാണെങ്കിലും സ്വഭാവം ഇതുതന്നെയാണ് അവരുടെ തോൽവിയാണ് നമ്മുടെ വിജയത്തിന്റെ രഹസ്യം.

എന്നാൽ ക്രിസ്തീയജീവിതവും ശുശ്രൂഷയും മത്സരമല്ല. ഒരിക്കലും അങ്ങനെ ആകരുത്. എനിക്ക് ആരെയും തോൽപ്പിക്കാൻ ഇല്ല, എന്നെ ആർക്കും തോൽപ്പിക്കാൻ കഴിയില്ല. നമുക്കൊരു എതിരാളി ഉണ്ട്. അത് പിശാചാണ്. അവൻ നമ്മെ തോൽപ്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം പലപ്പോഴും അറിയാതെ പോവുകയല്ലേ? നമ്മുടെ ഇടയിൽ ഭിന്നത ഉണ്ടാകുമ്പോൾ, അത് മത്സരമായി മാറുമ്പോൾ സാത്താൻ വിജയിക്കുകയാണ്. സകല ഭാരവും, മുറുകെ പറ്റുന്ന പാപവും വിട്ട് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം നമുക്ക് സ്ഥിരതയോടെ ഓടാം. ഞാൻ ഓട്ടം തികച്ചു എന്ന് ഒരു ദിവസം പറയുവാൻ നമുക്കിടവരട്ടെ. ഓർക്കുക ഇത് മത്സര ഓട്ടമല്ല. ●



ചെയ്സ് ജോസഫ്

# ദൈവനീതിയിൽ നിന്നകറ്റുന്ന സ്വയനീതി

*റോമാലേഖനം 10*

*കഴിഞ്ഞ ലക്കം നാം കണ്ടത് എങ്ങനെയാണു നീതി അന്വേഷിച്ചു നടന്ന ഇസ്രായേൽ മക്കൾക്കു അത് ലഭിക്കാതെ പോവുകയും നീതിയെ അന്വേഷിക്കാതെ നടന്ന ജാതികൾക്കു അത് ലഭിക്കുകയും ചെയ്തത് എന്നതാണ്. ഈ അധ്യായത്തിലും അതേ കാര്യങ്ങൾ ഒന്നുകൂടെ വിശദമാക്കുന്നു.*

**ഒ**ന്നാം വാക്യത്തിൽ പൗലോസ്, ഇസ്രയേൽ മക്കളിൽ ഭൂരിഭാഗവും ദൈവപദ്ധതിയിൽ നിന്ന് അകന്നു പോയതിലുള്ള ദു:ഖം വ്യക്തമാക്കുന്നു. അവർ എല്ലാവരും രക്ഷിക്കപ്പെടണം എന്നു തന്നെയാണ് പൗലോസിന്റെ ആഗ്രഹം. തന്റെ സഹോദരങ്ങളോട് വളരെ ആഴമായ സ്നേഹം അദ്ദേഹത്തിനുണ്ട്. പക്ഷെ അവർ ദൈവത്തിന്റെ പരിജ്ഞാനത്തോട് കണ്ണടച്ചു നിൽക്കുന്നു. അതിനു കാരണമായി പൗലോസ് പറയുന്നത് ദൈവഹിതപ്രകാരമല്ലാത്ത, മതപരമായ ഒരു എരിവ് അവരെ ദൈവത്തിൽ നിന്ന് അകറ്റിക്കളഞ്ഞിരിക്കുന്നു എന്നാണ്.

മതപരമായ എരിവ് ഇന്നു ലോകം മുഴുവൻ നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യമാണ്. നമ്മിൽ പലരും നാം ആയിരിക്കുന്ന മതത്തിലും വ്യവസ്ഥയിലും സംഘടനയിലും ഒക്കെ പുകഴുന്നവരും ആണ്. നാം ചുറ്റും ശ്രദ്ധിച്ചാൽ, അല്ലെങ്കിൽ നമുക്ക് തന്നെ ഉള്ള എരിവിനെക്കുറിച്ച് ആലോചിച്ചാൽ ഒരു കാര്യം വ്യക്തമാകും. നമ്മുടെ എരിവ് മുഴുവൻ മാനുഷികമായ നീതിയെ സംബന്ധിക്കുന്നതാണ്. യേശുക്രിസ്തു വെളിപ്പെടുത്തിയ പുതിയ നിയമനീതിയെ സംബന്ധിച്ച് ആർക്കും എരിവ് തോന്നാൻ എളുപ്പമല്ല.

നിങ്ങൾ ആരെങ്കിലും ഇന്ന് വരെ യേശുക്രിസ്തുവിന്റെ നീതിയെ സംബന്ധിച്ച് എരിയുന്ന ഒരു പ്രസംഗം കേട്ടിട്ടുണ്ടോ? ഒരു കണ്ണ് ഇടർച്ച വരുത്തിയിട്ടും അത് ചൂഴ്ന്നെടുത്തു കളയാത്തത് എന്തെന്ന് ചോദിച്ചു ആരെങ്കിലും പുൾപിറ്റ് ഇളക്കി മറിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? അല്ലെങ്കിൽ സ്വത്തെല്ലാം എടുത്തു ദരിദ്രർക്കു കൊടുക്കുന്നതിനെക്കുറിച്ച് എരിയുന്ന പ്രസംഗകർ? അല്ലെങ്കിൽ ഒരു അത്താഴമോ മുത്താഴമോ നടക്കുമ്പോൾ എന്തുകൊണ്ടാണ് നിങ്ങൾ സഹോദരന്മാരെ വിളിച്ചത്; റോഡിലുള്ള കുരുടരെയും കുഷ്ഠരോഗികളെയും എന്തുകൊണ്ട് വിളിച്ചില്ല എന്ന് ചോദിച്ചു നിങ്ങൾക്ക് നീതിബോധം ഉണ്ടാക്കുന്നവർ? ഇങ്ങനെയൊന്നും എരിയുന്ന ആരെയും നമ്മൾ ഒരിക്കലും കണ്ടിട്ടുണ്ടാവില്ല. എന്താണ് നാം കണ്ടിട്ടുള്ളത്? വെള്ള വസ്ത്രത്തെ ചൊല്ലി എരിയുന്നവർ! ആഭരണത്തെ ചൊല്ലി എരിയുന്നവർ! ആശുപത്രിയിൽ പോകുന്നവരെ നോക്കി എരിയുന്നവർ! ദശാംശം കൊടുക്കാത്ത

വിശ്വാസിയെ ചൊല്ലി എരിയുന്നവർ! സമയത്തു മീറ്റിംഗിന് എത്താത്തവരെ നോക്കി എരിയുന്നവർ! എന്തെല്ലാം തരം എരിവുകൾ!!! ഈ എരിവുകൾ നമുക്ക് തരുന്ന ഒരു തെറ്റായ നീതിബോധം ഉണ്ട്. നാം മറ്റുള്ളവരെക്കാളും നീതിമാന്മാർ ആണെന്നും, അവരെ പോലെ അല്ല എന്നും ഉള്ള ബോധം. ഈ ബോധം ആണ് ഇസ്രയേൽ മക്കളെ ദൈവനീതിയിൽ നിന്ന് അകറ്റിയത്.

പൗലോസ് പറയുന്നു. അവർ ദൈവനീതി അറിയാതെ സ്വന്തനീതി സ്ഥാപിക്കാൻ ആഗ്രഹിച്ചത് കൊണ്ട് ദൈവനീതിക്കു കീഴ്പ്പെട്ടില്ല. ദൈവനീതിക്കു കീഴ്പ്പെടണമെങ്കിൽ ഒരു വലിയ മാനസാന്തരവും പാപബോധവും തകർന്ന ഒരു മനസ്സും ആവശ്യമാണ്. ഇപ്പോൾത്തന്നെ സ്വന്തനീതിയിൽ എരിഞ്ഞു മറ്റുള്ളവരെ വിധിക്കുന്നവർ എങ്ങനെ മാനസാന്തരപ്പെടാൻ? അതുകൊണ്ട് പാപികൾക്ക് അതായതു പാപബോധവും ഹൃദയനുറുക്കവും ഉള്ളവർക്ക് മാത്രമാണ് ദൈവത്തിന്റെ നീതി പ്രയോജനപ്പെടുന്നത്.

ഇന്ന് നാം എവിടെ നോക്കിയാലും സ്വന്തനീതി സ്ഥാപിക്കുന്നവരുടെ ബഹളമാണ്. അവർ നീതിമാന്മാരായി മനുഷ്യരുടെ മുന്നിൽ കാണപ്പെടുന്നു. പക്ഷെ ദൈവത്തിന്റെ നീതി അവരുടെ ജഡത്തിന്റെ എല്ലാ കഴിവുകൾക്കും അപ്പുറത്താണെന്നും അതിനായി ഒരു ആന്തരീക ഞരക്കം ആവശ്യമാണെന്നും അവർ അറിയുന്നില്ല. ഇങ്ങനെ വിവിധ നല്ല മനുഷ്യരാൽ സൃഷ്ടിക്കപ്പെടുന്ന, ദൈവവുമായി ബന്ധമില്ലാത്ത നീതിബോധ്യങ്ങൾ ആണ് എല്ലാ മതത്തിന്റെയും അടിസ്ഥാനം.

കൊലോസ്യർക്കു എഴുതിയ ലേഖനത്തിൽ ഈ കാര്യം പറയുന്നത്; ഒരു ചീർത്ത ജഡമനസ്സു, തലയെ മുറുകെ പിടിക്കുന്നതിൽ നിന്ന് നമ്മെ തടയുകയും വിരുത് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു എന്നാണ്. പാപം പോലെ നാം ഭയപ്പെടേണ്ട ഒന്നാണ് മെരുങ്ങാത്ത മനുഷ്യ നീതിയാലും സൽപ്രവൃത്തികളാലും തടിച്ചു പോയ ജഡമനസ്സ്. ജഡശരീരം പാപവികാരങ്ങളിലേയും ജഡമനസ്സു ദൈവത്തിനു വിരുദ്ധമായ മനുഷ്യനീതിയുടെ വഞ്ചനയെയും ആണ് കാണിക്കുന്നത്.

എന്തുകൊണ്ടാണ് പുതിയ നിയമത്തിൽ വെളിപ്പെട്ട നീതിയോടു ആർക്കും എരിവ് തോന്നാത്തത്? അതിന്റെ കാരണം അതിൽ ജഡത്തിനു പ്രശംസിക്കുവാനും, ‘അമ്പട ഞാനേ’ എന്ന് പറയുവാനും ഒന്നുമില്ല എന്നതാണ്. ആ നീതി എന്റെ ജഡത്തിലേക്കു നോക്കിയിട്ടു നിറവേറി എന്ന് പറയാൻ കഴിയാത്ത നീതി ആണ്. അതെങ്ങനെ മറ്റൊരാളെ അടിച്ചേൽപ്പിക്കും? അതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ നീതിയിൽ എരിവ് ഉണ്ടാക്കുവാൻ ഒരു മതത്തിനും കഴിയാത്തതു.

പിന്നെ നാം എന്തുചെയ്യും? ജഡത്തിന് അസാധ്യം എന്ന് ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലാവുന്ന ഈ നീതിയിലേക്ക് നമുക്ക് എങ്ങനെ അടുത്ത് വരാൻ കഴിയും? അവിടെയാണ് പൗലോസ് വിശ്വാസം എന്ന വാക്കു നമുക്ക് ഉറപ്പിച്ചു തരുന്നത്. അത് കഴിഞ്ഞ ലക്കത്തിൽ നമ്മൾ കണ്ടു. നീതി അന്വേഷിക്കാത്ത ജാതികൾ പ്രാപിച്ചത് വിശ്വാസത്താലുള്ള നീതിയാണ്.

4- ാം വാക്യം പറയുന്നു; വിശ്വസിക്കുന്ന എല്ലാവർക്കും നീതി ലഭിക്കേണ്ടതിനു യേശുക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു എന്ന്. അതായതു യേശുക്രിസ്തു തന്നെയാണ് ന്യായപ്രമാണത്തിന്റെ പൂർത്തീകരണം. അവിടുന്നു തന്നെയാണ് നമ്മുടെ നീതി. അവിടുന്നു നമ്മിൽ വിശ്വാസത്തിൽ വസിക്കുന്നു എന്നതാണ് നമ്മെ വിശ്വാസത്താലുള്ള ദൈവനീതിയിലേക്കു അടുപ്പിക്കുന്നത്. ഇതാണ് എട്ടാം അധ്യായത്തിൽ നാം കണ്ടത്. കർത്താവ് നമുക്ക് പകരക്കാരൻ ആവുന്നു.

എങ്ങനെ ആണ് ഇത് സാധിക്കുന്നത്. അതിനു നാം വിശ്വാസവും വിശ്വാസജീവിതവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതായുണ്ട്. എന്താണ് വിശ്വാസം? വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആണ് എന്ന് നാം എബ്രായ ലേഖനത്തിൽ വായിക്കുന്നു. എന്നാൽ എങ്ങനെയാണു ഈ സത്യം നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നത്? അത് മനസ്സിലാക്കാൻ നമുക്ക് വിശ്വാസ ജീവിതം എന്താണെന്നു തിരിച്ചറിയേണ്ടതായിട്ടുണ്ട്. പലരും വിശ്വാസ ജീവിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് മാത്രം പറയുകയും നമ്മുടെ സാമ്പത്തീക, ആരോഗ്യ കാര്യങ്ങൾക്കു ദൈവത്തെ മാത്രം ആശ്രയിക്കുകയും എന്നതാണ്. എന്നാൽ ഇതാണോ നമ്മെ നീതികരിക്കുന്ന വിശ്വാസം?

എന്താണ് വിശ്വാസജീവിതം എന്നതുകൊണ്ട് പൗലോസ് ഉദ്ദേശിക്കുന്നത് എന്ന് നമുക്ക് പരിശോധിക്കാം.

ഗലാത്യ ലേഖനം 2:20 നമുക്ക് ഒന്ന് ശ്രദ്ധയോടെ വായിക്കാം.

ശേഷം പേജ് 30 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# സ്വാർത്ഥത കൈവെടിയാം, അസഹ്യത ഒഴിവാക്കാം

**അ**സഹ്യത ഒരു പാപമാണോ? അതോ നമ്മുടെ ആളത്വത്തിലുള്ള ഒരു കുറവ് മാത്രമാണോ? നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ മറ്റുള്ളവരിൽ നിന്ന് ഉണ്ടാകുമ്പോഴാണ് നമുക്ക് അസഹ്യതയുണ്ടാകുന്നത്. അസഹ്യത നമ്മെ എങ്ങോട്ടാണു നയിക്കുക എന്ന് ദൈവവചനം പറയുന്നുണ്ട്.

എന്തുകൊണ്ടാണ് നാം അസഹ്യപ്പെടുന്നത് ? പ്രധാനകാരണം ദൈവഹിതത്തോട് നാം അനുരൂപരാകുന്നില്ല എന്നതാണ്. നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മെ തകിടം മറിക്കുന്നു. എല്ലാറ്റിനെയും നാം കണ്ണടച്ച് എതിർക്കുന്നു. മറ്റുള്ളവർ നമ്മിൽനിന്നു വളരെ കൂടുതൽ ആഗ്രഹിക്കുന്നു എന്നു നാം ചിന്തിക്കുന്നു. നമ്മുടെ ചിന്തകൾപോലെ കാര്യങ്ങൾ നടക്കുന്നില്ല എന്നു കണ്ടാൽ നാം അസഹ്യത പ്രകടിപ്പിക്കുന്നു. സംഭവിക്കുന്ന സകല കാര്യങ്ങളും ദൈവം അനുവദിച്ചിട്ടാണെന്നുള്ള സത്യം നാം വിസ്മരിച്ചുപോകുന്നു.

അസഹ്യത സ്നേഹബന്ധങ്ങളെ ശിഥിലമാക്കുന്നു. അന്യോന്യം ഉപദ്രവിക്കാൻ പ്രേരിപ്പിക്കുന്നു. വിവാഹബന്ധങ്ങൾപോലും തകർക്കപ്പെടുവാൻ അസഹ്യത കാരണമാകുന്നു. പ്രസക്തമായ കാര്യങ്ങൾ പരിചിന്തനം ചെയ്യാൻ ഇടയാകാതെ വരുന്നു. തമ്മിൽത്തമ്മിലുള്ള വിശ്വാസം നഷ്ടപ്പെടുന്നു. നമ്മിലുള്ള അസഹ്യത നമ്മോടുകൂടെ പ്രവർത്തിക്കുന്നവരെയും ബുദ്ധിമുട്ടിലാക്കുന്നു. തന്മൂലം സന്തോഷത്തോടുകൂടി പ്രവർത്തിക്കാൻ അവർക്കു കഴിയാതെ പോകുന്നു. വ്യക്തിബന്ധങ്ങൾ അടുക്കാനാവാത്തവണ്ണം അകലാനും അസഹ്യത ഇടയാക്കുന്നു.

കോപം പോലെ തന്നെ അപകടകരവും പാപം നിറഞ്ഞതുമാണ് അസഹ്യതാമനോഭാവം. കോപത്തെക്കാൾ മനുഷ്യരെ അടിമകളാക്കാൻ കഴിയുന്നത് അസഹ്യതാമനോഭാവത്തിനാണ്. കോപം വല്ലപ്പോഴുമൊക്കെയേ നമ്മെ സമീപിക്കൂ, എന്നാൽ അസഹ്യത വിട്ടുമാറാതെ നമ്മിൽ നിലനിൽക്കും. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കൂട്ടായ്മ അ

> **നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മെ തകിടംമറിക്കുന്നു. എല്ലാറ്റിനെയും നാം കണ്ണടച്ച് എതിർക്കുന്നു. മറ്റുള്ളവർ നമ്മിൽനിന്നു വളരെ കൂടുതൽ ആഗ്രഹിക്കുന്നു എന്നു നാം ചിന്തിക്കുന്നു. നമ്മുടെ ചിന്തകൾ പോലെ കാര്യങ്ങൾ നടക്കുന്നില്ല എന്നു കണ്ടാൽ നാം അസഹ്യത പ്രകടിപ്പിക്കുന്നു.**

സഹ്യത നഷ്ടമാക്കുന്നു. അസഹ്യപ്പെടുന്നവർ സാത്താന്റെ ദൂതന്മാരായി പ്രവർത്തിക്കുന്നു എന്ന വസ്തുത അവർപോലും അറിയാതെ പോകുന്നു. യേശു പറഞ്ഞു: 'നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും' (യോഹന്നാൻ 13: 36). വാസ്തവത്തിൽ നാം അസഹ്യത പുലർത്തുമ്പോൾ ദൈവത്തോടു മറുതലിക്കുകയും ദൈവത്തെ ദു:ഖിപ്പിക്കുകയുമാണു ചെയ്യുന്നത്. നമ്മിൽ സ്വാർത്ഥത നിറയുമ്പോഴാണ് നാം മറ്റുള്ളവരോട് അസഹ്യത കാട്ടുന്നത്. നമുക്ക് എളുപ്പമുള്ളതും ശരിയെന്നു തോന്നുന്നതുമായ കാര്യങ്ങൾ ഉദ്ദേശിക്കുന്നതുപോലെ നടക്കണമെന്ന് നാം ശഠിക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും ആഗ്രഹങ്ങളെയും അവ തെറ്റല്ലെങ്കിൽക്കൂടി നാം എതിർക്കുന്നു.

'കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മീയവർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്' (എഫെസ്യർ 4: 29) എന്ന് സെന്റ് പോൾ ഉദ്ബോധിപ്പിക്കുന്നു. അതിനർത്ഥം മറ്റുള്ളവർക്കു നന്മ വരുന്നതും സമാധാനം ഉളവാക്കുന്നതുമായ കാര്യങ്ങൾ മാത്രമേ നാം പറയാനും ചെയ്യാനും പാടുള്ളൂ എന്നതു തന്നെയാണ്. അസഹ്യത എതിർഫലമാണ് വരുത്തുക. അതിൽനിന്നും നാം വിമുക്തരായേ മതിയാവൂ. അല്ലാത്തപക്ഷം നമ്മുടെ വാക്കുകളും വർത്തമാനങ്ങളും കർത്താവിനെ വേദനിപ്പിക്കുന്നവയായിത്തീരും.

നാം അസഹ്യപ്പെടുമ്പോൾ നമ്മുടെ മുഖം മ്ലാനവും വികൃതവുമാകുന്നു. അപ്പോൾ മറ്റുള്ളവരെ നിശിതമായി നാം കുറ്റം പറയുകയും വിമർശിക്കുകയും ചെയ്യുന്നു. നമ്മിലുള്ള സന്തോഷത്തെ മാറ്റി, ജീവിതത്തെ അതു വിരസമാക്കുന്നു. യേശുവിന്റെ രാജ്യം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും രാജ്യമാണ്. അവിടെ അസഹ്യതയ്ക്കു സ്ഥാനമില്ല. അസഹ്യത ദൈവരാജ്യത്തിന്റെ നന്മ പ്രകൃതിക്ക് കടകവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. അതിനാൽ അസഹ്യതയ്ക്ക് നമ്മുടെ ജീവിതത്തിൽ ഒരു സ്ഥാനവും ഉണ്ടായിരിക്കാൻ പാടില്ല. എന്തു വിലകൊടുത്തും നാം അതിനെ ജയിക്കേണ്ടത് അനിവാര്യമാണ്.

ബാലിശമായ ഒഴികഴിവുകൾ പറഞ്ഞു അസഹ്യതയെ പ്രതിരോധിക്കാൻ പലരും ശ്രമിക്കാറുണ്ട്. ക്ഷീണമാണ് അസഹ്യതതയുടെ കാരണമെന്നു പറഞ്ഞു രക്ഷപ്പെടാനായിരിക്കും നമ്മുടെ പാഴ്ശ്രമം. എന്നാൽ അസഹ്യതയും ശുണ്ഠിയും ദോഷഹൃദയത്തിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്ന് നാം മനസിലാക്കുന്നില്ല.

ഒഴികഴിവ് പറയുന്നതുകൊണ്ടോ സ്വയനീതീകരണം നടത്തുന്നതു കൊണ്ടോ അസഹ്യതാമനോഭാവത്തിൽനിന്നു രക്ഷപ്പെടാനാവില്ല. യേശുകർത്താവിന്റെ ജയകരമായ നാമം വിളിച്ച് മാനസാന്തരപ്പെടുക മാത്രമാണ് ഇതിനുള്ള ഏക പ്രതിവിധി. അതിലൂടെ മാത്രമേ ഹൃദയത്തിൽനിന്നും ഉത്ഭവിക്കുന്ന ഈ പാപസ്വഭാവത്തിൽനിന്നു മോചിതരാകുവാൻ നമുക്കു സാധിക്കുകയുള്ളൂ.

അസഹ്യതയും മറ്റു പാപങ്ങളെപ്പോലെ ഗൗരവകരമായ ഒരു പാപമാണെന്ന് നാം സമ്മതിച്ചേ മതിയാവൂ. ഇതു സമ്മതിക്കുമ്പോൾ നാം യേശുവിൽ കൂടുതൽ ആശ്രയിക്കാൻ തുടങ്ങും. യേശുവിന്റെ പരിശുദ്ധരക്തത്തിന് സകല പാപങ്ങളെയും മോചിക്കുവാനുള്ള ശക്തിയുണ്ടെന്ന് നാം തിരിച്ചറിയും. അസഹ്യതയെന്ന വിട്ടുപിരിയാത്ത പാപവുമായി നാം കർത്താവിന്റെ പക്കലെത്തും. പിന്നീട് അസഹ്യത നമ്മെ സമീപിക്കുമ്പോൾ നാം ലജ്ജിതരായി അതിൽനിന്നും ഒഴിഞ്ഞുമാറാൻ തുടങ്ങും.

തന്റെ സ്വന്തപട്ടണത്തിൽ ഉള്ളവർ യേശുവിങ്കൽ ഇടറിപ്പോയി. അവർ അവനെ പട്ടണത്തിനു പുറത്താക്കി. അവരുടെ പട്ടണം പണിതിരിക്കുന്ന മലയുടെ വക്കോളവും അവനെ കൊണ്ടുപോയി തല കീഴായി തള്ളിയിടുവാൻ ഭാവിച്ചു (ലൂക്കൊസ് 4:29). അസഹ്യത മൂലമുള്ള അവരുടെ പ്രകോപനങ്ങൾ യേശുവിനു വിഷമം ഉളവാക്കി. അത് അവരുടെ ജീവിതത്തിൽ പാപമായിത്തീരുകയും ചെയ്തു. ഇന്നും അസഹ്യത ഇത്തരത്തിലുള്ള പാപങ്ങൾക്കു കാരണമാകാറുണ്ട്.

അസഹ്യതയുളവാക്കുന്ന സംഭവങ്ങൾ നമ്മുടെ ഇടപാടുകളിൽ വരുമ്പോൾ അവ ദൈവത്തിൽ നിന്നുള്ളവയായി മനസിലാക്കി ദൈവത്തിനു കീഴ്പ്പെട്ട് അവയെ അഭിമുഖീകരിക്കുവാൻ നാം സന്നദ്ധരാകണം. അപ്പോൾ അസഹ്യതയുടെ ശക്തി നിർജീവമാകും. പിന്നീട് എപ്പോഴെങ്കിലും അതു നമ്മെ കീഴ്പ്പെടുത്താൻ ശ്രമിച്ചാൽ സഹായത്തിനും പാപക്ഷമയ്ക്കുമായി കർത്താവിനെ സമീപിക്കണം. ഈ പാപത്തെ നാം ഏറ്റുപറയുമ്പോൾ അസഹ്യതമൂലം നാം ദു:ഖിപ്പിച്ചിട്ടുള്ളവരോടും നിരപ്പ് പ്രാപിക്കണം. നമ്മുടെ ഇച്ഛകളെ ദൈവമുമ്പാകെ സമർപ്പിക്കണം. അപ്പോൾ അസഹ്യതയെന്ന പാപത്തിന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും നാം മോചനം പ്രാപിക്കും. ●

# രോഗം വില കൊടുത്തു വാങ്ങണമോ?

മനുഷ്യന്റെ ആരോഗ്യത്തിന് ഗുണനിലവാരമുള്ള ഭക്ഷണം അനിവാര്യമാണ്. ഗുണനിലവാരമില്ലാത്ത ഭക്ഷണങ്ങൾ, സമൂഹത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നു. അനാരോഗ്യകരമായ ഭക്ഷണശീലങ്ങളും ഫാസ്റ്റ് ഫുഡ് സംസ്കാരവും മായം ചേർത്ത ഭക്ഷണങ്ങളും ജീവിതശൈലീ രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നു. നമ്മുടെ ആരോഗ്യം നാം കഴിക്കുന്ന ഭക്ഷണത്തിന്റെ പോഷകമൂല്യത്തെയും ഗുണമേന്മയെയും ആശ്രയിച്ചിരിക്കുന്നു. പക്ഷേ ഇന്നത് ഉറപ്പുവരുത്തുന്നത് എളുപ്പമല്ല. പാക്കറ്റുകളിൽ വിപണിയിൽ കിട്ടുന്നതും, പെട്ടെന്ന് ചൂടാക്കി കഴിക്കാവുന്നവയും ആയ ബ്രാൻഡഡ് പാചകക്കൂട്ടുകൾ ആണ് തിരക്കുപിടിച്ച ജീവിതത്തിൽ പലർക്കും സൗകര്യപ്രദം. കൂടാതെ പലതരം പൊടികൾ, ബേക്കറി സാധനങ്ങൾ, ആരോഗ്യപാനീയങ്ങൾ, പഴസത്തുകൾ എന്നിങ്ങനെ ഭക്ഷ്യവ്യവസായ ഉത്പന്നങ്ങളും ലഭ്യമാണ്.ഇങ്ങനെ കിട്ടുന്നവയുടെ ഗുണനിലവാരം, ശുദ്ധത ഇവയെക്കുറിച്ച് ഉപഭോക്താക്കൾ എത്രമാത്രം അറിവുള്ളവരാണ്? പാക്കറ്റ് ഭക്ഷണങ്ങളിൽ നിറത്തിനും മണത്തിനും രുചിക്കുമൊക്കെയായി ചേർത്തിരിക്കുന്ന ഭക്ഷ്യേതര ചേരുവകൾ, അവയുടെ അളവ്, അനുവദിക്കപ്പെട്ടവയോ അതോ വ്യാജമോ എന്നൊന്നും മനസ്സിലാക്കാനുള്ള മാർഗങ്ങൾ ഉപഭോക്താവിന് ലഭ്യമല്ല. അധികാരികൾക്ക് ലഭ്യമാണെങ്കിൽ പോലും അത് ആരും അന്വേഷിക്കാറില്ല.


വിത്തുവിതയ്ക്കുന്നതിനു മുമ്പ് കളനാശിനിയിൽ തുടങ്ങുന്നു വിഷപ്രയോഗം. വളർച്ചയുടെ ഓരോ ഘട്ടത്തിലും വിവിധ കീടനാശിനികൾ മാറി മാറി അടിക്കുന്നു. കൂടാതെ വിളവെടുക്കുന്നതിനു തൊട്ടുമുമ്പ് ഒരു മരുന്നടി കൂടെയുണ്ട് . എങ്കിലേ വിറ്റു തീരും വരെ ഇവ കേടുകൂടാതിരിക്കൂ. കറിവേപ്പിലയിലൊക്കെ കടകളിലേക്ക് കയറ്റിയയ്ക്കുന്നതിനു തൊട്ടുമുമ്പും വിഷം സ്പ്രേ ചെയ്തുകൊടുക്കുന്നുണ്ടത്രെ. പഴങ്ങൾക്ക് തുടുപ്പും മിനുപ്പും കിട്ടാൻ മെഴുകു പുരട്ടുക, ഫ്രഷായി തോന്നിക്കാൻ കൃത്രിമനിറങ്ങളിൽ മുക്കിയെടുക്കുക എന്നിങ്ങനെ പോകുന്നു മറ്റ് വിൽപന സൂത്രങ്ങൾ.

ആഹാരമായിരിക്കട്ടെ നിങ്ങളുടെ ഔഷധം, ഔഷധം നിങ്ങളുടെ ആഹാരവും. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസിൻറെ വാക്കുകളാണിത്. ആരോഗ്യപരിപാലനത്തിൽ നാം അശ്രദ്ധരായി തീർന്നാൽ അത് വലിയ അപകടത്തിലേക്ക് നമ്മെ നയിക്കും. കമ്പോളവൽക്കരിക്കപ്പെട്ട യുഗത്തിൽ മനുഷ്യന്റെ ഭക്ഷണ രീതിയിൽ ഉണ്ടായ മാറ്റമാണ് മിക്ക മാരകരോഗങ്ങളുടെയും പ്രധാന കാരണം. ഫാസ്റ്റ് ഫുഡിന്റെയും ജങ്ക് ഫുഡിന്റെയും അടിമകളായി മാറിയിരിക്കുകയാണ് പുതിയ തലമുറ. കാൻസർ പോലുള്ള പല രോഗങ്ങളുടെയും കാരണങ്ങളിൽ ഒരു കാരണം ഇതുതന്നെയാണ്.

രോഗം വിലയ്ക്ക് വാങ്ങുന്നതിനേക്കാൾ നല്ലത് വരാതെ സൂക്ഷിക്കുക എന്നതാണ്. ഓരോ സാധനവും വാങ്ങുമ്പോൾ അത് ഗുണനിലവാരം ഉള്ളതാണെന്നുറപ്പു വരുത്തുക. പായ്ക്ക് ചെയ്തുവരുന്ന എല്ലാവിധ ഭക്ഷ്യ ഉത്പന്നങ്ങളുടെയും ലേബലിൽ അതിൽ ചേർന്നിരിക്കുന്ന ഭക്ഷണ സാധനങ്ങളും മറ്റു ചേരുവകളും വ്യക്തമായി പ്രിൻറ് ചെയ്തിരിക്കണം എന്ന് ഭക്ഷ്യസുരക്ഷാ നിയമത്തിൽ വ്യക്തമായി പറയുന്നുണ്ട്. പായ്ക്ക് ചെയ്തുവരുന്ന സാധനങ്ങൾ വാങ്ങുമ്പോൾ എല്ലാവരും അത് ശ്രദ്ധിച്ചു വായിക്കണം. അതിൽ നിർമ്മിച്ച തീയതി, ഉപയോഗിക്കാവുന്ന കാലാവധി, വില എല്ലാം അച്ചടിച്ചിരിക്കണം എന്നും നിയമം ഉണ്ട്. അതുപോലെ പച്ചക്കറികൾ, പഴം, മീൻ, ഇറച്ചി ഇവയല്ലാം വിൽക്കുവാൻ വച്ചിരിക്കുന്നയിടം ശുചിത്വമുള്ളതാണോ എന്നും ശ്രദ്ധിക്കേണ്ടതുണ്ട്. അതായത് വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം എല്ലാവരും ഉറപ്പുവരുത്തണം. ഏതുവേണമെന്ന് തിരഞ്ഞെടുക്കുമ്പോൾ ഇതെക്കുറിച്ചൊക്കെ ആലോചിച്ചു തീരുമാനിക്കാനുള്ള വിവേചനശക്തി എല്ലാവരും ഉപയോഗിക്കുക. ●

## കൗൺസലിംഗ് വീഥി





ഡോ. സുജിത്ത് സൈമൺ

# സ്വായത്തമാക്കേണ്ട മനോഭാവം

അമ്പതിൽപ്പരം വർഷങ്ങൾക്കു പുറകിൽ പട്ടിണിയും പരിവട്ടവും ഇല്ലായ്മയും വല്ലായ്മയും മനുഷ്യജീവിതത്തെ ദുസ്സഹമാക്കിയിരുന്നു. എങ്കിലും അതിനിടയിൽ കരുതലിന്റെയും,ചേർത്തണയ്ക്കലിന്റെയും കവിഞ്ഞൊഴുകുന്ന സ്നേഹം മേലുദ്ധരിച്ച പ്രതിസന്ധികളെ തരണം ചെയ്യുന്നതിൽ വലിയ കരുത്തു പകർന്നിരുന്നു. എന്നാൽ ഇന്ന് സാഹചര്യങ്ങൾ മാറി. അന്നത്തെ കൂരകളുടെ സ്ഥാനത്തു ഇന്ന് മണിമന്ദിരങ്ങൾ ഉയർന്നു വന്നു. ഇടുങ്ങിയ മൺവഴികൾക്കു പകരം വിശാലമായ പാതകളും അതിൽ സഞ്ചരിക്കുവാൻ വാഹനങ്ങളും, എന്നുവേണ്ട സൗകര്യങ്ങൾ വളരെയേറെ വർധിച്ചു. ജീവിതം സുഖസമൃദ്ധം. എന്നാൽ ഇതിനിടയിൽ സ്നേഹത്തിന്റെ സ്ഥാനത്തു പകയും, വിദ്വേഷവും മത്സരവും മന:സമാധാനത്തെ ഇല്ലാതാക്കി. അന്നത്തെ നല്ല മനോഭാവം നഷ്ടമാക്കി വേദനിപ്പിക്കുന്ന മനോഭാവത്തിന് അധീനരായിത്തീർന്നു ഭൂരിപക്ഷവും. ഈ പശ്ചാത്തലത്തിൽ, സ്വായത്തമാക്കേണ്ട ഒരു നല്ല മനോഭാവത്തെക്കുറിച്ചു നാം ചിന്തിക്കേണ്ടത് അനിവാര്യമാണ്.

ഇതിനുത്തരമായിരുന്നു യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവും. അതിൽനിന്നു നമുക്ക് പഠിക്കുവാനും അനുഭവമാക്കുവാനും അനവധി കാര്യങ്ങൾ ഉണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും (യോഹന്നാൻ 13: 35). ഇന്ന് ഈ ലോകം ക്രിസ്തുവിന്റെ ശിഷ്യന്മാരെ നോക്കുമ്പോൾ ഈ രീതിയിലുള്ള ഒരു സ്നേഹമാണോ അവരിൽ കാണുന്നത്. അതോ അവർ ഭിന്നതയും വിഭജനവും വിമർശനവും നിറഞ്ഞ ഇടുങ്ങിയ മനസ്സുള്ളവർ ആയിട്ടാണോ കാണപ്പെടുന്നത്? നാം ജീവിക്കുന്നതു രോഗാതുരവും അരിഷ്ടതയും സങ്കടവും നിറഞ്ഞ ഒരു ലോകത്തിലാണ്. ലക്ഷോപലക്ഷങ്ങൾ തെരുവുകളിൽ ഉറങ്ങുന്നു, പട്ടിണിയാൽ മരിക്കുന്നു. മനുഷ്യസ്നേഹമോ, ദൈവത്തിന്റെ അഗാപ്പേ സ്നേഹമോ എന്തെന്ന് അവർ അറിഞ്ഞിട്ടില്ല. യേശുവേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന ശബ്ദം ആരാധനലയങ്ങളിൽ നിന്ന് മുഴങ്ങുന്നു. അതേസമയം ഒരുദിവസം ആയിരക്കണക്കിന് പേർ യേശുക്രിസ്തുവിനെഅറിയാതെ നിത്യനരകത്തിലേക്ക് പോകുന്നു. നാം അവരെ ക്രിസ്തുവിന്റെ സ്നേഹത്തിൽ കരുതിയിരുന്നു വെങ്കിൽ, ഈ സ്നേഹത്തിന്റെ സന്ദേശം പങ്കുവെച്ചുകൊണ്ട് നശിച്ചുപോകുന്ന ആളുകളുടെ അടുക്കലേക്ക് പോകുമായിരുന്നില്ലേ?

ഒരു ക്രിസ്തുശിഷ്യനെ സ്വാധീനിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹമായിരിക്കണം. സ്നേഹം മറ്റുള്ളവരുടെ ആവശ്യങ്ങളെപ്പറ്റി നമ്മെ ബോധവാന്മാരാക്കുകയും അവരുടെ വേദനകളിൽ ആശ്വസിപ്പിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും. കർത്താവേ ഞങ്ങളെ സ്നേഹിക്കുവാൻ പഠിപ്പിക്കുകയും സ്വാർത്ഥതയും അഹങ്കാരവും ശാഠ്യവും മാറ്റി ക്രിസ്തുവിന്റെ സ്നേഹം പരിശുദ്ധാത്മാവിലൂടെ പകരുകയും ആ സ്നേഹം ഞങ്ങളിൽ നിമിഷംപ്രതി വ്യാപാരിക്കുകയും ചെയ്യണമേ എന്ന് വാസ്തവമായി നാം പ്രാർത്ഥിക്കണം. ഈ പ്രാർത്ഥന ക്രിസ്തു വസിക്കുന്ന ഒരു ഹൃദയത്തിൽ നിന്നും സർവ്വദാ ഉയർന്നു കൊണ്ടിരിക്കും. കാരണം സ്നേഹം ദീർഘമായി ക്ഷമിക്കുകയും, ദയ കാണിക്കുകയും ചെയ്യുന്നു, സ്നേഹം സ്പർദ്ധിക്കുന്നില്ല, നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീ

തിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാക്കപൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകില്ല (1 കൊരിന്ത്യർ 13:4-8). ക്രിസ്തു വസിക്കുന്ന ഒരു വ്യക്തിയുടെ ഇടപെടലുകൾ തികഞ്ഞ ദൈവസ്നേഹത്തിലായിരിക്കുവാൻ ഓരോരുത്തരും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് കേവലം പറയുക മാത്രമല്ല, തന്റെ പ്രവർത്തിയിലൂടെ പുത്രനായ യേശുക്രിസ്തുവിനെ നമ്മുടെ വീണ്ടെടുപ്പിന് വേണ്ടി പാപപരിഹാര യാഗമായി ഏൽപ്പിച്ചു തരികയും ചെയ്തു. ഇപ്രകാരം നാമും കർത്താവിനോടുള്ള സ്നേഹം പ്രവർത്തിയിലൂടെ സമസ്യഷ്ടങ്ങൾക്കു പകർന്നു കൊടുക്കുകയും ദൈവസ്നേഹം എത്രത്തോളം നമ്മിൽ ഉണ്ട് എന്ന് നമ്മെ തന്നെ പരിശോധിക്കേണ്ടതും അത്യാവശ്യമാണ്. 1 യോഹന്നാൻ 3:14 ൽ പറയുന്നു, നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. ദൈവസ്നേഹത്താൽ നിറയപ്പെടുന്നതിനുള്ള ഒന്നാമത്തെ പടി അതിനായി സമർപ്പിക്കുക എന്നതാണ്. ജീവിതത്തെ മാറ്റിമറിക്കുന്ന സ്നേഹത്തിനു വേണ്ടിയുള്ള ഒരു ദാഹം ഉണ്ടാകണം. നീതിക്ക് വേണ്ടി വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തിവരും (മത്തായി 5 :6). ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് സൗമ്യതയും, താഴ്മയും സ്നേഹവുമുള്ള ഒരു നുറുങ്ങിയ ഹൃദയം ആണ്. മനുഷ്യന്റെ പ്രകൃത്യാലുള്ള സ്വാർത്ഥപരമായ ഹൃദയത്തിൽ നിന്ന് സഹോദരങ്ങളെ സ്നേഹിക്കാനോ, ദൈവത്തെ അനുസരിക്കുവാനോ, പ്രസാദിപ്പിക്കുവാനോ കഴിയില്ല. എന്നാൽ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക എന്നാണ് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്. അയൽക്കാരൻ ആരാണെന്ന് യേശു നല്ല ശമര്യാക്കാരന്റെ സംഭവകഥയിലൂടെ വെളിപ്പെടുത്തി. ദു:ഖത്തിലും രോഗത്തിലും, കഷ്ടത്തിലും ആയിരിക്കുന്ന അയൽക്കാരെ അഥവാ സ്നേഹിതരെ, അവരവരെ കരുതുന്നതുപോലെ കരുതുക, എന്നാണ് യേശുകർത്താവ് അർത്ഥമാക്കുന്നത്. സമസൃഷ്ടങ്ങളെ ഓർത്ത് കേവലം സഹതപിക്ക മാത്രം ചെയ്യാതെ ദൈവം എല്ലാ പ്രതികൂല സാഹചര്യങ്ങളെയും നിയന്ത്രിക്കുമെന്ന വിശ്വാസത്തോടെ പ്രവർത്തിക്കുക. നമ്മുടെ മനോഭാവത്തിൽ സഹതാപമല്ല (sympathy) മറിച്ചു, കഷ്ടത്തിലായിരിക്കുന്ന വ്യക്തിയുടെ വേദനാപൂർണ്ണമായ അനുഭവത്തോടു ഏകീഭവിച്ചു (empathy) അവനെ സഹായിക്കുകയാണ് ആവശ്യം.

യേശു പറഞ്ഞു, നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനാൽ എന്റെ ശിഷ്യന്മാർ ആകുന്നു എന്ന് ലോകം അറിയും. കേവലം ദൈവവചനം മനസ്സിലാക്കി എന്നതുകൊണ്ട് അത് സംഭവിക്കുകയില്ല, മറിച്ച് അന്യോന്യം സ്നേഹിക്കുന്ന പ്രവർത്തിയിലൂടെ ദൈവസ്നേഹം വെളിപ്പെടുത്തിയാൽ ലോകം നിങ്ങളുടെ ഉള്ളിലെ കർത്താവിനെ തിരിച്ചറിയും. യേശുക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കണം എന്നാണ് നമ്മെക്കുറിച്ചുള്ള ദൈവഹിതം.

ക്രിസ്തുവിൽ, സഹോദരങ്ങളോട് കൂട്ടായ്മ ഇല്ല എങ്കിൽ നമുക്ക് ദൈവത്തോട് കൂട്ടായ്മ ഉണ്ടാവുക സാധ്യമല്ല. നമ്മുടെ സഹവിശ്വാസികളെ സ്നേഹിക്കാതെ നമുക്ക് ദൈവത്തെ സ്നേഹിക്കുവാൻ സാധ്യമല്ല. താൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും തന്റെ സഹോദരനെ പകക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു, താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതല്ല. (1 യോഹന്നാൻ 4:20)

സ്നേഹമില്ലായ്മയും ഹൃദയകാഠിന്യവും നിമിത്തം നമ്മുടെ പ്രാർത്ഥനകളിൽ അധികവും ഉയരത്തിലേക്ക് പോകുന്നില്ല. നമ്മുടെ പ്രാർത്ഥനായോഗങ്ങളിൽ കേൾക്കുന്ന ചില പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചിരുന്നു എങ്കിൽ ഇതിനോടകം ലോകസുവിശേഷീകരണം പൂർത്തീകരിക്കുമായിരുന്നു. നാം ദൈവത്തോട് വലിയ കാര്യങ്ങൾ ചോദിക്കുന്നു. രാജ്യങ്ങൾ സുവിശേഷികരിക്കപ്പെടുന്നതിന് വേണ്ടിയും, അത്ഭുതങ്ങളും അടയാളങ്ങളും നടക്കുവാൻ വേണ്ടിയും പ്രാർത്ഥിക്കുന്നു. അതേസമയം സഹവിശ്വാസികളെയും കൂടപ്പിറപ്പുകളെയും രക്ഷിക്കപ്പെടാത്തവരെയും സ്നേഹിക്കുവാനോ ഉൾക്കൊള്ളുവാനോ സാധിക്കുന്നുമില്ല.

ദൈവം, ഇപ്രകാരമുള്ള എല്ലാ ക്രിസ്ത്യാനികളെയും സ്വാർത്ഥതയെ ത്യജിച്ച് ഒരു സമർപ്പണ ജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. യേശുക്രിസ്തു പറഞ്ഞു; തന്റെ ക്രൂശ് എടുത്തു കൊണ്ട് എന്നെ അനുഗമിക്കാത്തവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല (ലൂക്കോസ് 14 :27). ദൈവസ്നേഹം പകർന്ന് കൊടുക്കുന്നതിലൂടെ, തകർന്ന അനേക ജീവിതങ്ങളെ ദൈവവുമായി വ്യക്തിപരമായി ബന്ധിപ്പിക്കുന്നതിലൂടെ നാം ദൈവസ്നേഹത്തിന്റെ പ്രതിരൂപമായി, ക്രിസ്തുവിൻ പത്രമായി മാറുന്നു. ഇതിനായി ബദ്ധപ്പെടുവാൻ മനസ്സുള്ളവർക്ക് ദൈവത്തിൽ നിന്ന് വലിയ പ്രതിഫലം തന്നെ പ്രതീക്ഷിക്കാം. ●



ജോൺസൺ കടമ്പനാട്

# ദൈവകൃപയ്ക്കൊത്തവണ്ണമുള്ള ജ്ഞാനം

**ജ്ഞാ**നം എന്നതിന്റെ അർഥം അറിവ് എന്നാണ് മനുഷ്യൻ ചിന്തിക്കുന്നത്. അതിൽ ദൈവകൃപ വ്യാപരിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ജ്ഞാനം ഉള്ളവരാകുവാൻ കഴിയും. പൗലോസ് എന്താണ് അടിസ്ഥാനമായിട്ടത്? യേശുക്രിസ്തുവാകുന്ന അടിസ്ഥാനം ആണിട്ടത്. എനിക്ക് ലഭിച്ച കൃപയ്ക്കൊത്തവണ്ണം പ്രധാന ശില്പിയായി ഞാൻ അടിസ്ഥാനം ഇട്ടിരിക്കുന്നു, മറ്റൊരുത്തൻ മീതെ പണിയുന്നു, താൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ (1 കൊരിന്ത്യർ 3 :10). ആ അടിസ്ഥാനത്തിന്മേൽ അതിനോട് ചേർന്ന് ഇനിയും പലർക്കും പണിയുവാൻ ഉണ്ട്. എങ്ങനെ പണിയുന്നു എന്ന് അവനവന്റെ പ്രവർത്തനത്തെ വിലയിരുത്തിക്കൊണ്ടു തീ തന്നെ ശോധനചെയ്യും. ഇത് ഗൗരവമുള്ള കാര്യമാണ്. കാരണം ചെയ്ത പണി നിലനിൽക്കണം. ഇക്കാര്യം ശോധന ചെയ്യുവാൻ ദൈവം ഉപയോഗിക്കുന്ന മാർഗം അഗ്നിശോധനയിലൂടെ കടത്തിവിടുക എന്നതാണ്. രക്ഷിക്കപ്പെടുക എന്ന ഒരു പരിപാടി അല്ല ഇത്. രക്ഷ ഫലപ്രദമായി അനുഭവമാകേണ്ടതിനാണ് തീയുടെ ശോധന. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധം അല്ലോ, നിങ്ങളും അങ്ങനെ തന്നെ(1 കൊരിന്ത്യർ 3: 16). ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന വിശുദ്ധ മന്ദിരങ്ങളായി പണിയപ്പെടേണ്ടവരാണ് നാം ഓരോരുത്തരും. മനുഷ്യർ ജഡികരാണ്. അവരെ രക്ഷിക്കുവാൻ ദൈവകൃപ അനിവാര്യമാണ്. അപ്പോസ്തലന്മാരിലൂടെ ആരംഭിച്ച, ദൈവദൃഷ്ടിയിൽ മനോഹരവും ശില്പചാതുര്യവുമുള്ള ദൈവസഭയുടെ പൂർത്തീകരണത്തിനായി ദൈവം കാത്തിരിക്കുന്നു.

നമുക്കും ദൈവകൃപ ലഭിച്ചിരിക്കുന്നതു ദൈവിക പരിജ്ഞാനം നാമും പ്രാപിക്കേണ്ടതിനാണ്. നമ്മുടെ ജീവകാലയളവിൽ നാമും ഒരു ശിൽപിയായി പണി ചെയ്യേണ്ടതുണ്ട്. അത് എവിടെ ആയിരിക്കണമെന്ന് കാണിച്ചു തരുന്ന ഒരു ഭാഗമാണ് 1 കൊരിന്ത്യർ 3: 10 -17. നാം ചെയ്ത പ്രവർത്തികൾ വചന വ്യവസ്ഥ പ്രകാരമോ എന്ന് ശോധന ചെയ്യണം. ചിലർ പൊന്നുകൊണ്ടും വിലയേറിയ കല്ല് കൊണ്ടും മറ്റു ചിലർ വെള്ളികൊണ്ടും ശരീരമെന്ന ആലയത്തിന്റെ പണികൾ ചെയ്തിരിക്കുന്നു. മറ്റു ചിലരാകട്ടെ മരം, പുല്ല്, വൈക്കോൽ, എന്നിവ കൊണ്ട് ശരീരമെന്ന ദൈവാലയം പണിയുന്നു. അക്കാലത്ത് ദരിദ്രർ ആയിട്ടുള്ളവർ പാർക്കുന്നതു പുല്ലോ വൈക്കോൽ മേഞ്ഞതോ ആയ വീടുകളിലായിരുന്നു. അതിലെന്താണ് തെറ്റ്? എനിക്കുള്ളതല്ലേ ഉപയോഗിക്കുവാൻ പറ്റൂ. അല്ല, നാം ചെയ്യുന്ന കാര്യങ്ങൾ മൂല്യവത്തായിരിക്കണം. ജീവിതത്തിൽ നാം നേരിടേണ്ടി വരുന്ന അഗ്നിശോധനകളാകുന്ന തീ അതിനെ ശോധന ചെയ്യുമ്പോൾ വെന്തു പോകാത്തത് മാത്രം അവശേഷിക്കും. പ്രത്യേകിച്ച് പൊന്ന് അധികം ശോഭയോടെ പുറത്തുവരും. കല്ലുകൾക്ക് ഒരു കേടും സംഭവിക്കുകയുമില്ല. അതായത് സഭയാം ദൈവാലയമാകുന്ന നാമോരുരുത്തരും നമ്മുടെ ആത്മിക ജീവിതത്തെ പടുത്തുയർത്തേണ്ടത് എങ്ങനെ എന്നതാണ് അപ്പോസ്തലൻ വ്യക്തമാക്കുന്നത്.

മനുഷ്യജന്മമെടുത്ത ക്രിസ്തു ദൈവത്തിന്റെ ജ്ഞാനം ആണല്ലോ. പഴയനിയമത്തിൽ യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്ന് പറഞ്ഞിരിക്കുന്നു. പുതിയനിയമത്തിൽ പറഞ്ഞുവരുന്നത് യഹൂദന് മാത്രമായി തീരേണ്ട രക്ഷ സൗജന്യമായി ജാതികളായ നമുക്കും ലഭിക്കുവാൻ കാരണമായിരിക്കുന്നു എന്നാണ്. എന്റെ ജനം അല്ലാത്തവരെ എന്റെ ജനം എന്നും, പ്രിയയല്ലാത്തവളേ പ്രിയ

എന്നും ഞാൻ വിളിക്കും എന്ന് ഹോശെയ പ്രവാചകൻ പറഞ്ഞ പ്രകാരം, ക്രിസ്തു നമുക്കുവേണ്ടി സമ്പാദിച്ചു തന്നത് ദൈവത്തിന്റെ പ്രിയയായവൾ എന്ന സ്ഥാനമാണ്. അതുകൊണ്ട് ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നമ്മെ കൈക്കൊണ്ടതുപോലെ നാമും തമ്മിൽ തമ്മിൽ കൈക്കൊള്ളണം എന്നുള്ളതാണ് (റോമർ 15: 7)

എനിക്കു ലഭിച്ചിരിക്കുന്ന കൃപയുടെ അധികാരത്തിൽ നിങ്ങളിൽ ഓരോരുത്തരോടുമായി ഞാൻ പറയട്ടെ: നിങ്ങൾ ആയിരിക്കുന്നതിൽ നിന്നപ്പുറമായി നിങ്ങളെക്കുറിച്ചു ചിന്തിച്ച് അഹങ്കരിക്കരുത്; പിന്നെയോ, ദൈവം നൽകിയിരിക്കുന്ന വിശ്വാസത്തിന്റെ മാനദണ്ഡം ഉപയോഗിച്ച് വിവേകപൂർവം സ്വയം വിലയിരുത്തുകയാണു വേണ്ടത്. നാം ഓരോരുത്തർക്കും ശരീരത്തിൽ പല അവയവങ്ങൾ ഉണ്ട്; എന്നാൽ എല്ലാ അവയവങ്ങൾക്കും പ്രവർത്തനം ഒന്നുതന്നെ അല്ല. അതുപോലെ, പലരായ നാം ക്രിസ്തുവിനോട് ഐക്യപ്പെട്ടതിലൂടെ ഒരേ ശരീരമായിത്തീർന്നിരിക്കുകയാണ്; അങ്ങനെ, നാം ഓരോരുത്തരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന അവയവങ്ങളും. ഇപ്രകാരം ദൈവകൃപയ്ക്കനുസൃതമായി നമുക്കു ലഭിച്ചിരിക്കുന്ന കൃപാദാനങ്ങളും വിവിധങ്ങളാണ്: പ്രവചിക്കാനുള്ള ദാനമെങ്കിൽ അതു വിശ്വാസത്തിന് ആനുപാതികമായിരിക്കട്ടെ. ശുശ്രൂഷിക്കുന്നതിനുള്ള ദാനമെങ്കിൽ ശുശ്രൂഷിക്കുകയും ഉപദേശിക്കുന്നതിനുള്ള ദാനമെങ്കിൽ ഉപദേശിക്കുകയും ചെയ്യട്ടെ. മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നതിനുള്ള ദാനമാണുള്ളതെങ്കിൽ അയാൾ ആശ്വസിപ്പിക്കട്ടെ; ദാനം ചെയ്യുന്നതിനാണ് എങ്കിൽ അത് ഉദാരതയോടെ ചെയ്യട്ടെ; നയിക്കുന്നതിനുള്ള ദാനമാണുള്ളതെങ്കിൽ അത് ഗൗരവത്തോടെ നിർവഹിക്കട്ടെ; കരുണ കാണിക്കുന്നതിനുള്ള ദാനമാണെങ്കിൽ അത് ആനന്ദത്തോടെ ചെയ്യട്ടെ. പ്രായോഗിക സ്നേഹം നിഷ്ക്കപടമായിരിക്കട്ടെ. ദുഷ്ടതയെ വെറുക്കുകയും നന്മയെ ആശ്ലേഷിക്കുകയും ചെയ്യുക. സഹോദരങ്ങളെന്ന പോലെ പരസ്പരം ആഴമായി സ്നേഹിക്കുക. നിങ്ങളെക്കാൾ മറ്റുള്ളവരെ ബഹുമാനിക്കുക. ഉത്സാഹത്തിൽ കുറവുവരാതെ ആത്മതീക്ഷ്ണതയുള്ളവരായി കർത്താവിനെ സേവിക്കുക. പ്രത്യാശയിൽ ആനന്ദിക്കുക; ക്ഷമയോടെ കഷ്ടത സഹിക്കുക; നിരന്തരം പ്രാർഥിക്കുക. സഹവിശ്വാസികളുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുകയും അതിഥിസൽക്കാരപ്രിയരായിരിക്കുകയും ചെയ്യുക.

നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിക്കുക; അതേ, അനുഗ്രഹിക്കുക, ശപിക്കരുത്. ആനന്ദിക്കുന്നവരോടുകൂടെ ആനന്ദിക്കുകയും വിലപിക്കുന്നവരോടുകൂടെ വിലപിക്കുകയും ചെയ്യുക. പരസ്പരം സമഭാവനയോടെ ജീവിക്കുക, വലിയവനെന്നു ഭാവിക്കാതെ എളിയവരോടു സഹകരിക്കാൻ സന്മനസ്സുണ്ടാകണം. ജ്ഞാനികളെന്ന് സ്വയം അഹങ്കരിക്കരുത്. നിങ്ങളോടു ദോഷം പ്രവർത്തിക്കുന്ന ആർക്കും ദോഷം പകരം ചെയ്യരുത്. എല്ലാ മനുഷ്യർക്കും സ്വീകാര്യമായ നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുകയും നിങ്ങളാൽ കഴിയുന്നിടത്തോളം, എല്ലാവരോടും സമാധാനത്തിൽ ജീവിക്കുകയും ചെയ്യുക. സ്നേഹിതരേ, നിങ്ങൾ തന്നെ പകപോക്കാൻ ശ്രമിക്കരുത്, ദൈവക്രോധം തന്നെ അതു നിർവഹിക്കട്ടെ. തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ടല്ലോ, ഞാനാണ് പ്രതികാരംചെയ്യുന്നവൻ, ഞാൻ പകരംവീട്ടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു.

അന്യോന്യം സ്നേഹിക്കുന്നതല്ലാതെആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. ഇത് ചെയ്യേണ്ടത് എപ്പോഴാണ്? ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നമ്മുടെ സമയം നാം തക്കത്തിൽ ഉപയോഗിക്കുമ്പോഴാണ്. രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവർത്തികളെ ഉരിഞ്ഞുകളയണം. വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കണം. പകൽസമയത്ത് എന്നപോലെ രാത്രിയിലും മര്യാദ ഉള്ളവരാകണം. വെറിക്കൂത്തുകൾ, ശയനമോഹങ്ങൾ, ദുഷ്ക്കാമങ്ങൾ, പിണക്കം, അസൂയ, എന്നിവയിൽ ഒന്നുമല്ല നാം കർത്താവായ യേശു ക്രിസ്തുവിനെ തന്നെ ധരിച്ചുകൊള്ളണം. ജഡമോഹങ്ങളാൽ വശീകരിക്കപ്പെടുകയും അരുത്.

ദൈവകൃപയുടെ മഹത്വത്തിന്റെ പുകഴ്ചക്കായി നമ്മോടുള്ള സ്നേഹത്തിൽ നമ്മെ അവിടുന്ന് മുൻനിയമിച്ചു. അവനിൽ നമുക്ക് തന്റെ രക്തത്താൽ പാപമോചനമെന്ന വീണ്ടെടുപ്പ് ലഭിച്ചു. അത് എങ്ങനെയെന്നാൽ, അവിടുന്ന് നമുക്ക് ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകല ജ്ഞാനവും വിവേകവും നൽകിയിരിക്കുന്നതിനാലാകുന്നു. ദൈവഹിതത്തിന്റെ പ്രസാദത്തിനു ഒത്തവണ്ണം ദൈവഹിതത്തിന്റെ മർമ്മം അവിടുന്ന് നമ്മോടറിയിച്ചു. അതെന്തെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളത് എല്ലാം ക്രിസ്തു മൂലം ഒന്നായി ചേർക്കുവാൻ ദൈവം തന്റെ നിർണയപ്രകാരം തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചു. അത് കാലസമ്പൂർണ്ണതയിലെ ദൈവവ്യവസ്ഥയാണ് എന്ന് ദൈവകൃപയ്ക്ക് ഒത്തവണ്ണം ഉള്ള ജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നു. ഹാ! എത്ര അനുഗ്രഹിക്കപ്പെട്ട കൃപയുടെ വചനങ്ങൾ. ഇത് ദൈവീക ജ്ഞാനത്തിന്റെ പ്രതിഫലനം തന്നെ. നാം ദൈവകൃപയിൽ ആണോ? മേലുദ്ധരിച്ച കാര്യങ്ങൾ ശ്രദ്ധയോടെ ശോധനചെയ്തു കർത്താവിന്റെ വരവിനായി ഒരുങ്ങുക. ●



ജെസ്സി സാജു



# ഒരു മരണവും ചില മരണാനന്തര ചിന്തകളും

മരണം എന്ന യാഥാർഥ്യത്തെ ഇന്നല്ലെങ്കിൽ നാളെ നേരിട്ടേ മതിയാവു; ഈ യാഥാർഥ്യം നമ്മുടെ കുഞ്ഞുങ്ങളെ ബോധവത്കരിച്ച് മനസിനെ പാകപ്പെടുത്തുവാൻ അമ്മമാരും സഹോദരിമാരും വിശേഷാൽ ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ ദിവസം വടക്കേ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ഞങ്ങളുടെ ഒരു മിഷണറി ആയുസിന്റെ മധ്യത്തിൽ ദൈവസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ മൂത്തമകൾ കേരളത്തിലുണ്ടായിരുന്നു. പിതാവ് നഷ്ടപ്പെട്ട ആ കുട്ടിയെ, ദു:ഖത്തിന്റെ ആഘാതത്തിൽ തനിയെ വടക്കേ ഇന്ത്യയിലേക്ക് സംസ്കാരശുശ്രൂഷക്കായി പറഞ്ഞു വിടാൻ എനിക്ക് മനസ്സ് വന്നില്ല. അവൾ താമസിക്കുന്നിടത്ത് ചെന്ന് അവളെ ആശ്വസിപ്പിച്ച് അവളെയും കൂട്ടി ഞാൻ പെട്ടെന്നുതന്നെ വടക്കേ ഇന്ത്യയിലേക്ക് പുറപ്പെട്ടു. ദു:ഖാർത്തയായ ആ മകളോട് അങ്ങ് ചെല്ലുന്നതുവരെയും ഞാൻ ആശ്വാസവാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. സുവിശേഷകനായ അവളുടെ പിതാവ് ദൈവത്തിനുവേണ്ടി ആയുസ്സു മുഴുവൻ അധ്വാനിച്ചതിന്റെ മാഹാത്മ്യവും, ഇപ്പോൾ അവളുടെ പിതാവ് ദൈവസന്നിധിയിൽ സന്തോഷിക്കുന്നതും ഞാൻ അവളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. അവളുടെ പിതാവ് ദൈവസന്നിധിയിൽ ആണെന്നും നാം ഒരിക്കൽ ദൈവസന്നിധിയുടെ സന്തോഷത്തിലേക്ക് പ്രവേശിക്കും എന്നും അവളെ പറഞ്ഞ് മനസ്സിലാക്കി. മാനുഷികമായി അവൾ ദു:ഖിതയായിരുന്നുവെങ്കിലും ദൈവവചനത്തിൽ ഉറയ്ക്കുകയും സമാധാനത്തെ ഏറ്റെടുക്കുകയും ചെയ്തു.

നിത്യതയിലേക്ക് പ്രവേശിച്ച നമ്മുടെ സുവിശേഷകന് ഭാര്യയും മൂന്ന് മക്കളും ആണ് ഉണ്ടായിരുന്നത്. അവളെയും കൂട്ടി ഞാൻ അവരുടെ ഭവനത്തിൽ എത്തി. എങ്ങനെ ആ കുടുംബത്തെ ആശ്വസിപ്പിക്കും? ഭൗതികമായി നോക്കിയാൽ ആശ്വസിപ്പിക്കുവാൻ വഴിയൊന്നുമില്ല. മിഷനറിയുടെ ഭാര്യ കരയുന്നുണ്ടായിരുന്നു. എങ്കിലും സകലബുദ്ധിയെയും കവിയുന്ന സമാധാനം അവളിൽ ഉണ്ടായിരുന്നു.

അടക്കത്തിന്റെ ദിവസം ഭൗതികശരീരം ഭവനത്തിൽ കൊണ്ടുവെച്ചപ്പോൾ സ്വാഭാവികമായും നിയന്ത്രണങ്ങൾ ഒക്കെ വഴിവിട്ടു.... എല്ലാവരും കരഞ്ഞു. മരണവീട്ടിൽ കരയരുത് എന്നൊക്കെ പറയുന്നതിൽ അർത്ഥമില്ല. മരണം എന്നും ദു:ഖം കൊണ്ടുവരുന്നതാണ്. അതിന് ഏതു പ്രായം എന്നൊന്നില്ല. മരിച്ച വ്യക്തിയോട് നമുക്കുള്ള അടുപ്പം അനുസരിച്ച് ദു:ഖത്തിന് ആഴം കൂടുകയും കുറയുകയും ചെയ്യാം.

വേർപാട് ദു:ഖകരമാണ്. ദു:ഖിക്കരുത് എന്നല്ല പ്രത്യാശ ഇല്ലാത്ത മറ്റുള്ളവരെ പോലെ ദു:ഖിക്കരുത് ( 1 തെസ്സലോനിക്യർ 4 :13) എന്നാണ് പൗലോസ് പറയുന്നത്. മരണത്തിൽ ദു:ഖം ഉണ്ടാകാം. എന്നാൽ പ്രത്യാശ നമ്മുടെ ദു:ഖത്തെ ശമിപ്പിക്കുന്നു. നിദ്ര കൊള്ളുന്നവരെക്കുറിച്ച് നാം അറിയാതിരിക്കരുത്. മരണം നിദ്രയാണ്. ആ നിദ്രയിൽ നിന്ന് നാം ഉണരും. ഉണരുന്നത് ദൈവസന്നിധിയിലേക്കാണ്. ഈ തിരിച്ചറിവാണ് നമ്മെ ദു:ഖത്തിൽ നിന്ന് വിടുവിക്കുന്നതും പ്രത്യാശയിലേക്ക് നയിക്കുന്നതും.

ഉത്തരേന്ത്യനായിരുന്ന മരിച്ച മിഷനറിയുടെ മൂത്ത പെൺകുട്ടിയുമൊന്നിച്ച് കേരളം മുതൽ ചത്തീ

സ്ഗഢ് വരെ യാത്ര ചെയ്തതിനാൽ അവളെ ആശ്വസിപ്പിക്കുവാനും പ്രത്യാശ പകർന്നു കൊടുക്കുവാനും എനിക്ക് കഴിഞ്ഞിരുന്നു. മരിച്ച മിഷനറിയുടെ ഭാര്യയുമായി അവരുടെ വിവാഹനാൾ മുതൽ സ്നേഹബന്ധം ഉണ്ടായിരുന്നതിനാൽ അവളുമായി നല്ല നിലയിൽ സംസാരിക്കുവാൻ എനിക്ക് കഴിഞ്ഞിരുന്നു. എന്നാൽ അവരുടെ ഇളയ പെൺകുട്ടി പിതാവിന്റെ ശരീരം സെമിത്തേരിയിലേക്ക് എടുക്കുമ്പോൾ സങ്കടം സഹിക്കാൻ കഴിയാതെ അലറിക്കരയുകയും ആക്രോശിക്കുകയും ഒരുപരിധി വരെ വയലന്റാവുകയും ചെയ്തു. അവൾ നിലത്തു കിടന്നുരുളുകയും മറ്റും ചെയ്തപ്പോൾ ഞാൻ അവളെകോരിയെടുത്ത്, ഇറുക്കെ കെട്ടിപ്പിടിച്ച് സമാശ്വസിപ്പിക്കുക മാത്രമല്ല, അല്പം ശാസിക്കുകയും ചെയ്യേണ്ടിവന്നു. മോളെ, 26 വർഷം നിന്റെ പപ്പാ വിജാതീയരുടെ ഇടയിൽ സുവിശേഷം അറിയിച്ചപ്പോൾ മരണശേഷമുള്ള ജീവിതത്തിന്റെ പ്രത്യാശയല്ലേ അദ്ദേഹം പ്രസംഗിച്ചത്. നിന്റെ പപ്പാ യേശു അപ്പച്ചന്റെ സന്നിധിയിലെ സന്തോഷത്തിലേക്കല്ലേ പോയത്? എന്നിട്ടും നീ ഇങ്ങനെ പ്രത്യാശ ഇല്ലാത്ത വിജാതീയരെപ്പോലെ വിലപിക്കുകയും ആക്രോശിക്കുകയും ചെയ്താൽ നീ നിന്റെയും നിന്റെ പപ്പായുടെയും ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുത്തുകയല്ലേ എന്നു ചോദിച്ച് അവളെ ശാസിക്കേണ്ടി വന്നു. ഏതായാലും പ്രാർത്ഥിച്ചു, അവൾ ശാന്തയായി. പിന്നെ വീട്ടിലും സെമിത്തേരിയിലും ഒക്കെ ഈ കുട്ടികളെ കെട്ടിപ്പിടിച്ച് ഞാൻ അവരോട് യേശുവിന്റെ സാന്നിധ്യത്തിന്റെ മനോഹാരിതയെ പറ്റി നിരന്തരം പറഞ്ഞു കൊടുത്തു കൊണ്ടിരുന്നു.

സെമിത്തേരിയിലെ ശുശ്രൂഷ തീർന്നതും കുഞ്ഞുങ്ങളെ മൂന്നുപേരെയും കാറിനുള്ളിലേക്ക് കയറ്റി വീണ്ടും അവരോട് നിത്യതയുടെ സൗഭാഗ്യത്തെപറ്റി ശാന്തമായി പറഞ്ഞു കൊടുത്തു കൊണ്ടിരുന്നു. തിരിച്ചുവരുമ്പോൾ ഇവരുടെ കൂട്ടുകാരായി പുതുതായി വിശ്വാസത്തിൽ വന്ന രണ്ട് പെൺകുട്ടികളും ഞങ്ങളുടെ കൂടെ കാറിൽ കയറി. അവരുടെ ഇരുവരുടെയും പിതാക്കന്മാർ അടുത്ത കാലത്ത് ലോകത്തിൽ നിന്ന് മാറ്റപ്പെട്ടവരാണ്.

വിജാതിയർ ആയിരുന്ന ആ വ്യക്തികളിലൊരാൾ അവിശ്വാസി ആയിരിക്കുമ്പോൾ മരിച്ച വ്യക്തിയാണ്. മറ്റൊരാൾ വിശ്വാസി ആയിരിക്കുമ്പോൾ മരിച്ചു. അവിശ്വാസിയായിരിക്കുമ്പോൾ മരിച്ച വ്യക്തിയുടെ മകൾ മിഷനറിയുടെ മകളോട് പറഞ്ഞു; എന്റെ പപ്പായെ ഇനി ഒരിക്കലും, നിത്യതയിലും കാണാൻ കഴിയില്ലല്ലോ എന്നതാണ് എന്റെ ദു:ഖം. നിന്റെ പപ്പായുടെ കാര്യം അങ്ങനെയല്ലല്ലോ... ജീവിതകാലം മുഴുവൻ യേശുവിനോട് കൂടെ ജീവിച്ചു, യേശുവിൽ മരിച്ചു. ഇനിയും യേശുവിനോട് കൂടെ ജീവിക്കും. നിനക്ക് ഇനിയും നിന്റെ പപ്പായെ കാണാമല്ലോ. പിന്നെ നീ എന്തിനു കരയുന്നു?

വിശ്വാസിയായി മരിച്ച പിതാവിന്റെ മകൾ പറഞ്ഞത്; എന്റെ പപ്പയും നിന്റെ പപ്പയും ഇപ്പോൾ സ്വർഗ്ഗത്തിൽ സന്തോഷിക്കുകയല്ലേ. ഇനി ഒരിക്കൽ നാമും അങ്ങോട്ട് പോകുവാൻ ഉള്ളവരല്ലേ? നമുക്ക് വീണ്ടും നമ്മുടെ പിതാക്കളെ സൗഖ്യത്തോടെ സന്തോഷത്തോടെ കാണാം. ഈ വാക്കുകൾ ദു:ഖിതരായ കുഞ്ഞുങ്ങളെ ഏറെ ആശ്വസിപ്പിച്ചു.

വിജാതീയരിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന ഈ കുഞ്ഞുങ്ങളുടെ വിശ്വാസപ്രഖ്യാപനം, വിശ്വാസത്തിന്റെ പാരമ്പര്യം പറയുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് ഒരു വെല്ലുവിളിയാണെന്ന് ഞാൻ ചിന്തിക്കുന്നു. ഹിന്ദിക്കാരായ, വിജാതിയർ ആയിരുന്ന ആ കുഞ്ഞുങ്ങൾ അവരുടെ സഭയിൽ നിത്യതയെക്കുറിച്ചുള്ള പ്രസംഗങ്ങൾ കേട്ടു. നിത്യതയുടെ ദർശനം ലഭിച്ചതുകൊണ്ട് അവരുടെ പിതാക്കളുടെ വേർപാടിലും അവരുടെ ഹൃദയം തകർന്നു പോയില്ല.

നമ്മുടെ കുഞ്ഞുങ്ങൾക്ക് നിത്യതയുടെ ദർശനം വേണ്ടത്രയുണ്ടോ? അങ്ങനെയൊരു ദർശനം നമ്മുടെ സഭകളിലെ പ്രസംഗങ്ങളിലൂടെ അവർക്ക് ലഭിക്കുന്നുണ്ടോ? കുറെ പ്രോസ്പിരിറ്റി പ്രസംഗിച്ച് ജനങ്ങളെ ആവേശത്തിമിർപ്പിൽ നിർത്തിയാൽ ഒരു പ്രതിസന്ധിയുടെ സാഹചര്യത്തിൽ, വിശേഷാൽ മരണത്തിന്റെ പശ്ചാത്തലത്തിൽ തകർന്ന് പോകുന്നത് സ്വാഭാവികം.

നമ്മുടെ പ്രസംഗവിഷയങ്ങൾ എന്തൊക്കെ ആയിരിക്കണം എന്ന് നാമൊന്നു പുനർവിചിന്തനം ചെയ്യേണ്ടത് അനിവാര്യമല്ലേ..? വിശ്വാസികൾക്ക് നിത്യതയുടെ ദർശനം നൽകേണ്ടതല്ലേ നമ്മുടെ പ്രസംഗങ്ങൾ? യേശുവിനോടൊപ്പം ഉള്ള അനുദിന ജീവിതത്തെപ്പറ്റിയും, മരിച്ചുകഴിഞ്ഞാലും യേശുവിനോടൊപ്പം സ്വർഗ്ഗത്തിൽ ജീവിക്കുവാൻ കഴിയുന്ന ഭാഗ്യവസ്ഥയെപ്പറ്റിയുമൊക്കെ നമ്മുടെ കുഞ്ഞുങ്ങൾ തിരിച്ചറിയണ്ടേ...? നിത്യതയുടെ ദർശനത്തിൽ നാമും നമ്മുടെ കുഞ്ഞുങ്ങളും ജീവിക്കണ്ടേ..? ഈ സംഭവത്തിൽ കരഞ്ഞു വിലപിച്ചതും ആശ്വസിപ്പിച്ചതും തങ്ങളുടെ പ്രത്യാശയെ ഉറക്കെ പ്രഖ്യാപിച്ചതും ദുഖാർത്തരായിരുന്നവരെ പ്രത്യാശയിൽ ഉറപ്പിച്ചതും സഹോദരിമാരായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കുക. സഹോദരിമാർക്ക് വലിയ അളവിൽ ക്ഷീണിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തി ആശ്വസിപ്പിക്കുവാൻ ആകും. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. ●



വാച്ച്മാൻ നീ

# ദൈവവിളിയിലെ രഹസ്യങ്ങൾ

**വി**ശ്വാസികളുടെ പിതാവാണ് അബ്രഹാം എന്ന് നമുക്കേവർക്കും അറിയാം. വിജാതീയർ ഒരു പുതിയ ഉപദേശം കേട്ടതുകൊണ്ട് മാത്രമല്ല, മറിച്ച് അതംഗീകരിക്കുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തതിനാൽ, യേശുക്രിസ്തുവിലൂടെ അവർക്ക് ഒരു പുതിയ ജീവിതം ലഭിച്ചതുകൊണ്ടാണ് അബ്രഹാമിന്റെ അനുഗ്രഹത്തിന് അവകാശികളാകുന്നത്. വിജാതീയരുടെ ആ അനുഗ്രഹത്തിന്റെ പൂർണതയ്ക്ക് പുതിയ യെരുശലേം സാക്ഷ്യം വഹിക്കും. അബ്രഹാമിലൂടെയാണ് ആ അനുഗ്രഹത്തിന് ദൈവം തുടക്കം കുറിച്ചത്. അതായതു സകലത്തെയും ജയിച്ചവർ ആണ് പുതിയ യെരുശലേം അവകാശമാക്കുന്നത്.

അബ്രഹാമിന്റെ ജീവിതാനുഭവങ്ങളെ സ്വാഭാവികമായും രണ്ട് ഭാഗങ്ങളായി തിരിക്കാം: ആദ്യത്തേത്, ദേശത്തെയും ചാർച്ചക്കാരെയും വിട്ടു ദൈവം കാണിക്കാനിരിക്കുന്ന ദേശത്തേക്കു പോവുക എന്നു പറഞ്ഞ് ദൈവം അവനെ വിളിച്ചുവേർതിരിക്കുന്ന ഭാഗമാണ്. അതിൽ പ്രധാന പരാമർശം വാഗ്ദത്തദേശമാണ്. രണ്ടാമത്തേത് അദ്ദേഹത്തിന്റെ സന്തതിപരമ്പരകളെ കുറിക്കുന്നതാണ്. അതിൽ യിസഹാക്ക് പ്രധാന പങ്കു വഹിക്കുന്നു.

അബ്രഹാമിന്റെ വിളി അതിന്റെ ശരിയായ ക്രമീകരണത്തിൽ കണ്ടാൽ നമുക്ക് നന്നായി മനസ്സിലാകും. നമ്മുടെ പിതാവായ അബ്രഹാം ഹാരാനിൽ വസിക്കുന്നതിനു മുമ്പ് മെസപ്പൊട്ടോമിയയിൽ ആയിരുന്നപ്പോൾ മഹത്വത്തിന്റെ ദൈവം അവനു പ്രത്യക്ഷനായി (അപ്പോസ്തല പ്രവർത്തികൾ 7:2). ശക്തനും വിമതനുമായ നിമ്രോദിന്റെ പ്രജകൾ ശിനാർ ദേശത്ത് തങ്ങളുടെ വലിയ ഗോപുരം സ്ഥാപിക്കുവാൻ ശ്രമിച്ചുവെങ്കിലും ദൈവം അവരെ ചിതറിച്ചുകളഞ്ഞു. ജനതകൾ ദൈവത്തെ മറന്നു എന്നു മാത്രമല്ല, അബ്രഹാമും കുടുംബവുമുൾപ്പെടെ വിഗ്രഹാരാധികളുമായിരുന്നു. ലോകം മുഴുവനും വ്യാജദൈവങ്ങളെ ആരാധിച്ചു. അവരുടെ മധ്യത്തിൽ സത്യദൈവത്തെ ആരാധിക്കുന്നതിൽ, ഒഴുക്കിനെതിരെ നീന്തുവാൻ ധൈര്യം കാണിച്ചവരായിരുന്നു ഹാബേൽ, ഹാനോക്, നോഹ മുതലായവർ. ഇവിടെ അബ്രഹാം ഹാബേലിൽ നിന്നും ഹാനോക്കിൽ നിന്നും നോഹയിൽ നിന്നും വളരെ വ്യത്യസ്തനായിരുന്നു. അബ്രഹാം ചുറ്റുമുള്ളവരിൽ നിന്ന് വ്യത്യസ്തനായിരുന്നില്ല, അവർ വിഗ്രഹാരാധകരായിരുന്നോ? അവനും അങ്ങനെയായിരുന്നു. താൻമാത്രം എന്തിനു വ്യത്യസ്തനായിരിക്കണം?

അങ്ങനെയുള്ള ഒരു മനുഷ്യനിൽ നിന്നാണ് ദൈവത്തിന്റെ പ്രവൃത്തി ആരംഭിച്ചത്. അപ്പോൾ വ്യക്തമായും, അബ്രഹാമിന്റെ തെരഞ്ഞെടുപ്പിന്റെ ഉറവിടം അവനിലോ, അവന്റെ നേരായ സ്വഭാവത്തിലോ ധാർമ്മിക ദൃഢനിശ്ചയത്തിലോ ആയിരുന്നില്ല. മറിച്ച് ദൈവഹിതത്താൽ മാത്രമായിരുന്നു. ദൈവത്തിന്റെ സ്വന്തം ഇഷ്ടപ്രകാരം അവനെ തിരഞ്ഞെടുത്തു. ഒരു പിതാവ് തന്റെ മക്കളെ നടത്തുന്നതുപോലെ ദൈവം അവനെ നടത്തിയപ്പോൾ ദൈവത്തിന്റെ പിതൃത്വത്തിന്റെ അർത്ഥം അബ്രഹാം പഠിച്ചു. ഇതൊരു സുപ്രധാന പാഠമായിരുന്നു. അബ്രഹാം മറ്റെല്ലാവരെയും പോലെ ഒരു വിഗ്രഹാരാധി ആയിരുന്നില്ലെങ്കിൽ, ദൈവം അവനെ വിളിച്ചതിനു ശേഷം ഒരു സമയത്തു അയാൾ തിരിഞ്ഞുനോക്കുകയും തന്റെ വിളി തന്നിലെ ചില അടിസ്ഥാനപരമായ ഗുണവിശേഷങ്ങൾ നിമിത്ത

മാണെന്നു അയാൾ ചിന്തിക്കയും ചെയ്യുമാ യിരുന്നു. ഒരുയോഗ്യതയും അവകാശപ്പെടാനില്ലാതിരുന്ന അബ്രഹാമിനെ ദൈവം വിളിച്ചു വേർതിരിച്ചു എന്നത് ദൈവത്തിന്റെ പ്രത്യേക ഹിതമായിരുന്നു. അബ്രഹാമിന് ദൈവത്തിന്റെ മനസ്സലിവിനാൽ ലഭിച്ച പരിഗണന തികച്ചും അയോഗ്യരായിരിക്കുന്ന നമുക്കും പ്രത്യാശ നൽകുന്ന ദൂതാണ്.

അബ്രഹാമിനെയും നമ്മെയും വിളിച്ചതിലൂടെ ദൈവത്തിന്റെ പരമാധികാരം നാം തിരിച്ചറിയണം, അങ്ങനെ വിളിക്കുവാൻ ദൈവം പ്രസാദിച്ചതിൽ സന്തോഷിക്കണം. ഇതായിരുന്നു അബ്രഹാമിന്റെ ആദ്യ പാഠം. അതായത് താനല്ല ദൈവമാണ് വിളിയുടെ ഉറവിടം. നമ്മുടെ രക്ഷ പൂർണമായും ദൈവത്തിൽ നിന്നുള്ളതാണ്; അവിടുന്ന് നമ്മെ രക്ഷിക്കാൻ നമ്മിൽ ഒരു കാരണവുമില്ല. നമ്മുടെ രക്ഷയുടെ കാര്യത്തിൽ ഇത് സത്യമാണെങ്കിൽ അതിനെ തുടർന്നുള്ള എല്ലാ കാര്യങ്ങളിലും ഇത് സത്യമാണ്. നമ്മുടെ ജീവിതത്തിന്റെ ഉറവിടം ദൈവത്തിലാണെങ്കിൽ, അതുപോലെ തന്നെ മറ്റെല്ലാം ദൈവത്തിൽ നിന്നാണ്, അല്ലാതെ നമ്മിൽ നിന്ന് ഒന്നും ആരംഭിക്കുന്നില്ല.

അബ്രഹാം ഹാരാനിലേക്ക് വരുന്നതിനുമുമ്പ് അവൻ കൽദയരുടെ ഊരിൽ ആയിരിക്കുമ്പോൾ തേജോമയനായ ദൈവം അവനെ വിളിച്ചതായി പ്രവൃത്തികൾ 7 ാം അധ്യായത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു. യഹൂദ കോടതിയായ സൻഹെദ്രിം സംഘത്തിന്റെ മുമ്പാകെയുള്ള വിസ്താരവേളയിൽ സ്തെഫനോസ് തന്റെ പ്രതിവാദം ഈ വസ്തുതയിൽ നിന്നാണ് ആരംഭിക്കുന്നത്. സഹോദരന്മാരും പിതാക്കന്മാരുമായ പുരുഷന്മാരെ കേൾപ്പിൻ.... (പ്രവർത്തികൾ 7: 2 മുതൽ). നമ്മുടെ പിതാവായ അബ്രഹാമിന് മഹത്വത്തിന്റെ ദൈവം പ്രത്യക്ഷനായി ഹാരാനിൽ വന്നു പാർത്തു...' ദൈവത്തിന്റെ മഹത്വം കാണുന്ന മനുഷ്യന് ദൈവത്തിന്റെ വിളിയോട് വ്യക്തമായി പ്രതികരിക്കണം എന്ന് അറിയാം. അല്ലാതെ അയാൾക്ക് മറ്റൊന്നും ചെയ്യാൻ കഴിയില്ല. ഈ വാക്കുകൾ പറയുമ്പോൾ സ്തെഫനോസ് മരണത്തെ മുൻപിൽ കണ്ടുകൊണ്ടു തന്നെയായിരുന്നു പ്രസ്താവിച്ചത്. എന്നാൽ അവന്റെ ആ ഭയാനകമായ അനുഭവത്തിന്റെ അവസാനം അപ്പോസ്തല പ്രവൃത്തി 7 ന്റെ 55 ൽ കാണുന്നു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ അവൻ സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കുകയും ദൈവത്തിന്റെ മഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതും കാണുകയും ചെയ്തു. ആദിയിൽ അബ്രഹാമിന് പ്രത്യക്ഷനായതും ഇപ്പോൾ സ്തെഫനോസ് കണ്ടതും മഹത്വത്തിന്റെ ഒരേയൊരു ദൈവത്തെ ആയിരുന്നു. ഇങ്ങനെ ദൈവത്തിന്റെ മഹത്വം കാണുന്ന ഒരാൾക്ക് തന്നെ എറിഞ്ഞു കൊല്ലുവാൻ കൊണ്ടുവന്നിരുന്ന കല്ലുകൾ ഒരു വിഷയമേ ആയിരുന്നില്ല.

അബ്രഹാമിന്റെ വിളിയും ചോദ്യം ചെയ്യാതെയുള്ള അവന്റെ അനുസരണവും ദൈവത്തിൽ മാത്രം അടിസ്ഥാനപ്പെട്ടാണിരുന്നത്. വിളിച്ചു വേർതിരിച്ച ദൈവം ലക്ഷ്യത്തിൽ എത്തുവോളം പരിപാലിക്കും എന്ന ബോധ്യമായിരുന്നു തനിക്കുണ്ടായിരുന്നത്. ഒരിക്കൽ മഹത്വത്തിന്റെ ദൈവത്തെ രുചിച്ചറിയുവാൻ ഇടയായാൽ അത്തരം സംഭവവികാസങ്ങൾ നാമും അങ്ങനെ വിശ്വസിക്കണം എന്ന ദൂതാണ് നൽകുന്നത്. ഏതു പ്രതിസന്ധിയിലും ദൈവോന്മുഖരായി ദൈവത്തോട് അടുത്ത് ചെന്നാൽ, ദൈവം നല്ലവനെന്നു രുചിച്ചറിയുവാനും, കഷ്ടതയിൽ ആയിരുന്നത് ഗുണമായി എന്ന് അനുഭവിച്ചറിയുവാനും കഴിയും.

അബ്രഹാം വിളിക്കപ്പെട്ടപ്പോൾ, എവിടേക്കു പോകുന്നു? നാളെ എന്താണ് സംഭവിക്കുക? എന്നിങ്ങനെ വ്യാകുലപ്പെടാതെ അനുസരിച്ചു. എന്റെ വിശ്വാസം വളരെ ചെറുതാണ്. അബ്രഹാമിനെപ്പോലെ എനിക്ക് ഒരിക്കലും വിശ്വസിക്കാൻ കഴിയുന്നില്ല എന്ന് നാം ഒരുപക്ഷെ പറയുമായിരിക്കും. ഇവിടെയാണ് അബ്രഹാമിന്റെ ധീരോദാത്തമായ വിശ്വാസം നമ്മുടെ സഹായത്തിനായി വരുന്നത്.

അബ്രഹാം കൽദയരുടെ ഊരിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം അവനെ വിളിച്ചിരുന്നുവെന്ന് പ്രവൃത്തികളിലെ സ്തെഫനോസിന്റെ വാക്കുകൾ ഇല്ലായിരുന്നുവെങ്കിൽ നാം ഒരിക്കലും അത് അറിയുമായിരുന്നില്ല. ഉല്പത്തിയിൽ നമുക്ക് നൽകിയ വിവരണം മാത്രമേ ഉള്ളൂവെങ്കിൽ അബ്രഹാമിനെ കുറിച്ച് നമുക്ക് മറ്റൊരു ചിത്രമായിരിക്കും ലഭിക്കുക.

സൂക്ഷ്മമായി പരിശോധിച്ചാൽ അബ്രഹാമിന്റെ ആദ്യകാല വിശ്വാസം തുടർന്നും വളരേണ്ടതുണ്ടായിരുന്നു. ഉദാഹരണത്തിന് അവൻ തന്റെ രാജ്യം വിട്ടു, പക്ഷേ തന്റെ ബന്ധുക്കളെ പൂർണ്ണമായും ഉപേക്ഷിച്ചില്ല. അവനെ മുന്നോട്ട് ഹാരാൻ വരെ നയിച്ചത് തേരഹായിരുന്നു. അത് എങ്ങനെ സംഭവിച്ചുവെന്ന് നമുക്കറിയില്ല, പക്ഷേ ദൈവം വിളിക്കാത്തവൻ പുറത്തേക്ക് നയിക്കുന്നവനും വിളി ലഭിച്ചവൻ പിന്നീട് വിശ്വാസത്തിൽ വളരുന്നവനും ദൈവത്തെ അനുഗമിക്കുന്നവനും ആയിത്തീർന്നു. ●

# ബാസൽ മിഷന്റെ പങ്ക്

**ബെഞ്ചമിൻ വർഗീസ്**

**1836** ജൂലൈ മാസത്തിലാണ് ഗുണ്ടർട്ട് ഇന്ത്യയിലെത്തുന്നത്. തുടർന്നുള്ള രണ്ട് വർഷത്തോളം തമിഴ്നാട്ടിലും ആന്ധ്രയിലും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്ത ശേഷം 1836 നവംബർ 1 ന് അദ്ദേഹം മംഗലാപുരത്തെത്തി ബാസൽ മിഷനോടൊപ്പം ചേർന്നു. ഇന്ത്യയിൽനിന്നും മടങ്ങിപ്പോകുവോളം ആ സംഘടനയുമായി ബന്ധപ്പെട്ടായിരുന്നു അദ്ദേഹം പിന്നീട് പ്രവർത്തിച്ചത്. മംഗലാപുരത്ത്, ബാൽമെട്ട എന്ന സ്ഥലത്താണ് ബാസൽ മിഷൻ ആസ്ഥാനം. ഇപ്പോൾ അവിടെ കർണാടക തിയോളജിക്കൽ സെമിനാരി (KTC) എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ബാസലിൽ അദ്ദേഹം വളരെ സന്തുഷ്ടനായിരുന്നു. ബാസൽ മിഷൻ ഒരു ജർമൻ മിഷൻ എന്നതിനു പുറമേ അവിടെ അദ്ദേഹത്തിന്റെ ചില ബാല്യകാല സുഹൃത്തുക്കളും പ്രവർത്തിക്കുന്നുണ്ടായിരുന്നു. 19 ാം നൂറ്റാണ്ടിൽ ഗുണ്ടർട്ട് ഇന്ത്യയിലെത്തുവാനും തുടർന്ന് കേരളത്തിലെത്തുവാനും മുഖ്യധാരയിൽ നേതൃത്വം നൽകിയത് ബാസൽ മിഷനാണ്. അതിനാൽ ഈ സുവിശേഷ സംഘത്തെക്കുറിച്ച് അല്പം കുറിക്കുന്നത് ഔചിത്യമാണെന്നു കരുതുന്നു.

സ്വിറ്റ്സർലന്റിലെ ബാസൽ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച ഒരു സുവിശേഷ സംഘമാണ് ബാസൽ മിഷൻ. ഈ മിഷൻ സൊസൈറ്റിയുടെ ആരംഭം തന്നെ വളരെ ഉദ്വേഗജനകമായ സംഭവങ്ങൾക്കൊടുവിലായിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങൾ യൂറോപ്പ്, മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധം മാറ്റങ്ങളിലൂടെ കടന്നുപോയ വർഷങ്ങളായിരുന്നു. 18–ാം നൂറ്റാണ്ടിന്റെ അവസാന പാതിയിൽ വ്യാവസായിക വിപ്ലവത്തിലൂടെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങൾ അനുഭവിച്ചു തുടങ്ങിയ കാലഘട്ടമായിരുന്നു അത്. അതിൽ പ്രധാനമായത് യാത്രാ സൗകര്യങ്ങളായിരുന്നു. ദീർഘദൂരയാത്രകൾ താരതമ്യേന സുരക്ഷിതവും ചെലവ് ചുരുങ്ങിയതുമായിത്തീർന്നതിനാൽ മുമ്പെങ്ങുമില്ലാത്ത വിധം അത്തരം യാത്രകൾ സാധാരണക്കാർക്കു പോലും പ്രാപ്യമായിത്തീരുകയും ചെയ്തു. വ്യാപകമായ യന്ത്രവത്കരണമാണ് മറ്റൊരു നേട്ടം. അതുമൂലം കായിക ശേഷികൊണ്ടുള്ള അധ്വാനം തുലോം കുറയുകയും ജനങ്ങൾ കൂടുതൽ ഭക്ഷ്യ, സാമ്പത്തിക സുരക്ഷിതത്വം നേടിയെടുക്കാനുമിടയായി.

ഇക്കാലയളവിൽത്തന്നെയാണ് നെപ്പോളിയന്റെ നേതൃത്വത്തിലുള്ള ഫ്രഞ്ച് സൈന്യം യൂറോപ്പിലാകെ ഭീതിവിതച്ചുകൊണ്ട് അജയ്യരായി മുന്നേറ്റമാരംഭിച്ചത്. ഏതുവിധേനയും നെപ്പോളിയനെ കീഴ്പ്പെടുത്തിയേ മതിയാവൂ എന്ന നിലയിലേയ്ക്ക് യൂറോപ്യൻ രാജ്യങ്ങൾ എത്തിച്ചേർന്നു. അങ്ങനെ 1814 ൽ റഷ്യ, ജർമനി, ആസ്ട്രിയ, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ നെപ്പോളിയനെതിരായി ഒരു സഖ്യം രൂപീകരിച്ചു. ഇത് സ്വിറ്റ്സർലണ്ടിലെ ബാസൽ എന്ന പട്ടണത്തിലായിരുന്നു. ഇതോടെ നെപ്പോളിയൻ ബാസൽ പട്ടണത്തെ ആക്രമിക്കാനായി പദ്ധതിയിട്ടു. സ്വാഭാവികമായി ഈ വിവരം ആ പട്ടണത്തെ പരിഭ്രാന്തിയിലാക്കി. അവിടുണ്ടായിരുന്ന ദൈവജനം, പ്രത്യേകിച്ച് സഖ്യസേനയിൽ ഉണ്ടായിരുന്ന പട്ടാളക്കാർ, ദൈവത്തോടു നിലവിളിക്കാനാരംഭിക്കുകയും, സഖ്യസേന നെപ്പോളിയനെ പരാജയപ്പെടുത്തിയാൽ തങ്ങൾ ലോകമെമ്പാടും സുവിശേഷം എത്തിക്കുവാനായി ഒരു സുവിശേഷ സംഘത്തിനു രൂപം കൊടുക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

1815–ലെ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയൻ പരാജയപ്പെട്ടു. യുദ്ധാനന്തരം ആ ദൈവമക്കൾ തങ്ങൾ ദൈവസന്നിധിയിലെടുത്ത തീരുമാനം നടപ്പാക്കാൻ തീരുമാനിച്ചു. അങ്ങനെ 1815 സെപ്റ്റംബർ 25–ാം തിയതി റവ. നിക്കോളസ് ഫാൻ ബ്രണ്ണിന്റെ നേതൃത്വത്തിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷണറി സൊസൈറ്റി എന്ന സുവിശേഷ സംഘം സ്ഥാപിതമായി. ജർമനിയിൽ നിന്നുമുള്ള പട്ടാളക്കാർ ആയിരുന്നു ഇതിനു മുൻകൈ എടുത്തത്. അതുകൊണ്ട് തന്നെ ക്രമേണ ബാസൽ മിഷന്റെ ആസ്ഥാനം ജർമനിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.

1834–ലാണ് ബാസൽ മിഷൻ ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കുന്നത്. ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കായി റവ. സാമുവേൽ ഹെബിക്, റവ.ജോൺ ലീനർ, റവ. ക്രിസ്റ്റോഫ് ഗ്രെനർ എന്നിവർ ഇന്ത്യ

യിലെത്തുകയും മംഗലാപുരം കേന്ദ്രമാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ബോംബെ, മലബാർ, കർണാടക എന്നിവിടങ്ങളായിരുന്നു സംഘത്തിന്റെ പ്രവർത്തന മേഖലകൾ.

ക്രമേണ കൂടുതൽ മിഷണറിമാർ ബാസൽ മിഷന്റേതായി ഇന്ത്യയിൽ എത്തിച്ചേർന്നു. അധികം വൈകാതെ ഗുണ്ടർട്ടും ഇവിടെത്തുകയുണ്ടായല്ലോ. ഇക്കാലയളവിൽ ഗുണ്ടർട്ടിനൊപ്പം പ്രവർത്തിച്ച മറ്റു ചില വ്യക്തികളെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നത് ഉചിതമായിരിക്കും.

**സാമുവേൽ ഹേബിക് (1803 - 1868)**

ബാസൽ മിഷനിൽ നിന്നും ഇന്ത്യയിലെത്തിയ ആദ്യസംഘത്തിൽ ഉൾപ്പെട്ട വ്യക്തിയായിരുന്നു ഹേബിക്. അദ്ദേഹം ഒരു വലിയ പണ്ഡിതനോ, ഭാഷാവിശാരദനോ ആയിരുന്നില്ലെങ്കിലും തന്റെ ശുശ്രൂഷകളിൽ ദൈവിക പ്രവർത്തികൾ വെളിവായിരുന്നു. സുവിശേഷീകരണത്തിൽ അതീവ തത്പരനായിരുന്നു ഹേബിക്. സാധാരണക്കാരായ ജനങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗം താത്പര്യത്തോടെ കേട്ടു. അക്കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന ഇംഗ്ലീഷുകാരോടും താൻ സുവിശേഷം പങ്കുവെച്ചതിന്റെ ഫലമായി അവരിലും ചിലർ മാനസാന്തരപ്പെട്ട് കർത്താവിനുള്ളവരായിത്തീരുകയും ചെയ്തു. തലശേരിയിലെ ജഡ്ജിയായിരുന്ന ടി. എൽ. സ്ട്രെയിഞ്ച്, കളക്ടർ വില്യം റോബിൻസ് എന്നിവരൊക്കെ അക്കൂട്ടത്തിൽ ഉൾപ്പെടും. സ്ട്രെയിഞ്ച് ഇന്ത്യ വിട്ട് പോയപ്പോൾ ഇല്ലിക്കുന്നിലുണ്ടായിരുന്ന തന്റെ ബംഗ്ലാവ് ബാസൽ മിഷനു കൊടുത്തിട്ടാണ് പോയത്. ഇവിടെയായിരുന്നു ഗുണ്ടർട്ട് തന്റെ കേരളത്തിലെ പ്രവർത്തനത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ താമസിച്ചിരുന്നത്. ഇദ്ദേഹത്തെക്കുറിച്ച് ഗുണ്ടർട്ട് എഴുതിയത് നാട്ടുകാരെക്കാൾ ബ്രിട്ടീഷുകാരെയാണ് ഹേബിക്കിനിഷ്ടം എന്നാണ്. മലബാറിലെത്തിയ ശേഷം ഗുണ്ടർട്ട് ഹേബിക്കിനെ അവിടേയ്ക്ക് ക്ഷണിക്കുകയും, അദ്ദേഹം 1841-ൽ കണ്ണൂരിലെത്തി അവിടം കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്തു. 1859 ൽ ഇന്ത്യയോട് യാത്രപറയും വരെ ഹേബിക് കണ്ണൂരിൽ തുടർന്നു.

**ഹെർമൻ മ്യൂഗ്ലിങ്ങ് (1811-1881)**

ത്യൂബിങ്ങൻ യൂണിവേഴ്സിറ്റിയിൽ ഗുണ്ടർട്ടിന്റെ സമകാലികനും ഉറ്റചങ്ങാതിയുമായിരുന്നു മ്യൂഗ്ലിങ്ങ്. ഗുണ്ടർട്ടിനെപ്പോലെതന്നെ ഡോ. സ്ട്രൗസിന്റെ പഠിപ്പിക്കലുകളിൽ ആകൃഷ്ടനായ മ്യൂഗ്ലിങ്ങ്, ക്രൈസ്തവ വിശ്വാസത്തെയും, വിശ്വാസികളായ സഹപാഠികളെയും അവജ്ഞയോടെയാണ് കണ്ടിരുന്നത്. മ്യൂഗ്ലിങ്ങിന്റെ വാക്ചാതുര്യത്തിനുമുമ്പിൽ അവർക്ക് പിടിച്ചു നിൽക്കാനായതുമില്ല. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം ആ യുവാവിനെയും കീഴടക്കി. മ്യൂഗ്ലിങ്ങ് മാനസാന്തരപ്പെട്ട് സുവിശേഷവേലയ്ക്കായി ബാസൽ മിഷനിൽ ചേർന്നുവെന്ന് അറിഞ്ഞപ്പോൾ ഗുണ്ടർട്ടിന്റെ പ്രതികരണം സ്ട്രൗസ് തോറ്റുപോയി, കർത്താവായ യേശുക്രിസ്തുവോ ഇനിയും ജീവിക്കുന്നു എന്നതിനെ ഈ അടയാളത്താൽ താൻ തന്നെ സാക്ഷീകരിച്ചിരിക്കുന്നു എന്നായിരുന്നു.

**അവിടുണ്ടായിരുന്ന ദൈവജനം, പ്രത്യേകിച്ച് സഖ്യസേനയിൽ ഉണ്ടായിരുന്ന പട്ടാളക്കാർ, ദൈവത്തോടു നിലവിളിക്കാനാരംഭിക്കുകയും, സഖ്യസേന നെപ്പോളിയനെ പരാജയപ്പെടുത്തിയാൽ തങ്ങൾ ലോകമെമ്പാടും സുവിശേഷം എത്തിക്കുവാനായി ഒരു സുവിശേഷസംഘത്തിനു രൂപം കൊടുക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.**

തികഞ്ഞ ഒരു വാഗ്മിയായിരുന്നു മ്യൂഗ്ലിങ്ങ്. ആളുകൾ സ്വതേ പിന്തുടർന്നുപോന്ന വചനവിരുദ്ധമായുള്ള പല പാരമ്പര്യ ആചാരരീതികൾക്കുമെതിരായുള്ള നിലപാടുകൾ സ്വന്തമായി സ്വാംശീകരിക്കുവാനും, വാദിച്ചുറപ്പിക്കാനുമുള്ള ബുദ്ധിവൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. സ്വന്തം ആശയങ്ങൾ പ്രാവർത്തികമാക്കുവാനുള്ള ദൈവാനുഗ്രഹവും അദ്ദേഹത്തിനു ലഭിച്ചു. ഗുണ്ടർട്ടുമായി ആഴത്തിലുള്ള ഒരു ആത്മബന്ധം അദ്ദേഹം എന്നും നിലനിർത്തി.

പ്രാചീന കൃതികൾ ശേഖരിക്കുന്നതിലും, വ്യാകരണ സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുന്നതിലും മ്യൂഗ്ലിങ്ങ് സമർത്ഥനായിരുന്നു. കന്നഡഭാഷയിലെ വേദപുസ്തകപരിഭാഷയിലും അദ്ദേഹം ഭാഗഭാക്കായി. ഹേബിക്കിന്റെ ജീവചരിത്രം ഗുണ്ടർട്ടും മ്യൂഗ്ലിങ്ങും ചേർന്നാണെഴുതിയത്. മ്യൂഗ്ലിങ്ങിന്റെ ചില കന്നഡാഭാഷാരചനകൾ ഗുണ്ടർട്ട് മലയാളത്തിലേയ്ക്ക് ഭാഷാന്തരം ചെയ്യുകയുണ്ടായി, അതുപോലെ തിരിച്ചും.

**ഗോട്ട്ഫ്രീഡ് വൈഗ്ലേ (1816-1855)**

വൈഗ്ലേയും ത്യൂബിങ്ങനിൽ ഗുണ്ടർട്ടിന്റെ സമ

കാലികനായിരുന്നു. ബാല്യത്തിൽ തന്നെ അദ്ദേഹത്തിന് തന്റെ പിതാവിനെ നഷ്ടപ്പെട്ടു. തുടർന്ന് വൈഗ്ലേയുടെ മാതാവിനെ മ്യൂഗ്ലിങ്ങിന്റെ പിതാവ് വിവാഹം കഴിച്ചു. അങ്ങനെ വൈഗ്ലേയും മ്യൂഗ്ലിങ്ങും ഒരേ ഭവനത്തിലാണ് വളർന്ന് വന്നത്. (പിൽക്കാലത്ത് വൈഗ്ലേയുടെ അകാലവിയോഗത്തെത്തുടർന്ന് വിധവയായ പൗളിനെ മ്യൂഗ്ലിങ് വിവാഹം ചെയ്തു). വൈഗ്ലേ ബുദ്ധിമാനും, അതോടൊപ്പം ഒരു സ്ഥിരോത്സാഹിയുമായിരുന്നു. ഭാഷാസാഹിത്യ പരിശ്രമങ്ങളിൽ ഗുണ്ടർട്ടിനെ ഉത്തേജിപ്പിക്കുന്നതിൽ വൈഗ്ലേയ്ക്കും മ്യൂഗ്ലിങ്ങിനും നല്ല പങ്കുണ്ടായിരുന്നു.

കന്നഡ, തുളു, ഭാഷകളിൽ നിഘണ്ടു നിർമാണത്തിൽ വൈഗ്ലേ ഏർപ്പെട്ടതായി കാണുന്നു. 1842-ൽ വൈഗ്ലേ ഇല്ലിക്കുന്നിൽ എത്തി ഗുണ്ടർട്ടിനോടൊപ്പം തുളുഭാഷയിലെ പദസഞ്ചയം പരിശോധിച്ചതായി ഒരു കത്തിൽ കാണുന്നുണ്ട്. ദ്രാവിഡത്തിലെ മറ്റു ഭാഷകളുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു നിഘണ്ടുവും നിർമിക്കാൻ അദ്ദേഹം ശ്രമിച്ചു. നിർഭാഗ്യവശാൽ ഗുണ്ടർട്ട് വൈഗ്ലേയ്ക്കയച്ച കത്തുകളിൽ ചുരുക്കം ചിലതു മാത്രമേ കണ്ടെടുക്കാനായിട്ടുള്ളൂ. ഇവ കണ്ടെടുക്കാനായാൽ ദ്രാവിഡഭാഷകളുടെ ആന്തരികതത്ത്വങ്ങൾ വിശദീകരിക്കാൻ അവ പ്രയോജനപ്പെട്ടേയ്ക്കും.

ബോംബെയിൽ അച്ചടിക്കാര്യങ്ങൾക്കായി പോയ വൈഗ്ലേ ആ സാങ്കേതികവിദ്യ മനസിലാക്കുകയും തിരികെ മംഗലാപുരത്തെത്തിയ ശേഷം ഒരു അച്ചുകൂടം അവിടെ സ്ഥാപിക്കുകയും ചെയ്തു. ബാസൽ മിഷൻ പ്രസിദ്ധീകരണങ്ങളിൽ പലതും ഈ അച്ചുകൂടത്തിൽനിന്നാണ് പുറത്ത് വന്നത്.

1855 ജൂൺ 7 ന് ആ ദൈവദാസൻ അകാലത്തിൽ നിര്യാണമടഞ്ഞു. ഇന്ത്യയിലെ പ്രവർത്തനങ്ങളിൽ അതീവ ഉത്സാഹത്തോടെ പ്രവർത്തിച്ച ആ സഹപ്രവർത്തകന്റെ വേർപാട് ഗുണ്ടർട്ടിനെ ദു:ഖിപ്പിച്ചു. ഇതേത്തുടർന്നാണ് ഗുണ്ടർട്ടിന് മനസില്ലാമനസോടെയാണെങ്കിലും മംഗലാപുരത്തേയ്ക്ക് മടങ്ങേണ്ടി വന്നത്.

**ബാസൽമിഷൻ ഇന്ത്യയിൽ**

ഇന്ത്യയിലെ ബാസൽമിഷന്റെ പ്രവർത്തനം ആധ്യാത്മികരംഗത്ത് മാത്രം ആയിരുന്നില്ല. ബാസൽ മിഷണറിമാർ അത്യുത്സാഹത്തോടെ സുവിശേഷം അറിയിച്ചിരുന്നു. എന്നാൽ അതിനോടൊപ്പം അവരുടെ മിഷൻ മേഖലകളിൽ പലവിധ സാമൂഹിക ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങളും അവർ നടത്തി. ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയ്ക്കെതിരായി എല്ലാ ജാതിമതസ്ഥരെയും അവർ സ്കൂളുകളിലും ഹോസ്റ്റലുകളിലും പ്രവേശിപ്പിച്ചിരുന്നു. ഇതുമൂലം പ്രാദേശിക ഹൈന്ദവനേതൃത്വവും മിഷണറിമാരുമായി അസ്വാരസ്യങ്ങൾ ഉടലെടുത്തിരുന്നു. എന്നാൽ അവയൊന്നും വകവെയ്ക്കാതെ അവർ തങ്ങളുടെ ദൗത്യവുമായി മുമ്പോട്ട് പോയി. തൽഫലമായി ബാസൽ മിഷൻ പ്രവർത്തനങ്ങളിലൂടെ അനേകർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിച്ചേരാൻ സാധിച്ചു. ബാസൽമിഷൻ പ്രവർത്തനങ്ങളിലൂടെ ഉടലെടുത്ത ക്രൈസ്തവകൂട്ടയ്മകൾ ജാതിവ്യവസ്ഥയ്ക്കെതിരായി ശക്തമായി നിലകൊണ്ടു.

**ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയ്ക്കെതിരായി എല്ലാ ജാതിമതസ്ഥരെയും അവർ സ്കൂളുകളിലും ഹോസ്റ്റലുകളിലും പ്രവേശിപ്പിച്ചിരുന്നു. ഇതുമൂലം പ്രാദേശിക ഹൈന്ദവനേതൃത്വവും മിഷണറിമാരുമായി അസ്വാരസ്യങ്ങൾ ഉടലെടുത്തിരുന്നു. എന്നാൽ അവയൊന്നും വകവെയ്ക്കാതെ അവർ തങ്ങളുടെ ദൗത്യവുമായി മുമ്പോട്ട് പോയി.**

അതുകൂടാതെ ഈ മേഖലയിലുള്ളവരുടെ സാമ്പത്തിക ഉന്നമനത്തെ ലക്ഷ്യമാക്കിയും പല പദ്ധതികൾ ബാസൽമിഷൻ പ്രവർത്തകർ ആരംഭിച്ചു. മംഗലാപുരത്ത് ആരംഭിച്ച അച്ചുകൂടത്തെപ്പറ്റി മുകളിൽ പരാമർശിച്ചിരുന്നല്ലോ. മിഷൻ പ്രസിദ്ധീകരണങ്ങൾക്ക് പുറമേ, ഗവർമെന്റിൽനിന്നും മറ്റിടങ്ങളിൽനിന്നുമൊക്കെയുള്ള പ്രസിദ്ധീകരണങ്ങൾ ഇവിടെ അച്ചടിക്കുകയുണ്ടായി.

ഗുണ്ടർട്ട് എത്തിയതിനുശേഷം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ആരംഭിച്ചു. ഇതിനും വലിയ ഔദ്യോഗിക അംഗീകാരം ലഭിക്കുവാനിടയായി (ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട്). സംഘത്തിന്റെ മറ്റുദ്യമങ്ങളിൽ പ്രധാനപ്പെട്ടവ ബാസൽ മിഷൻ റൈറ്റൽ വർക്സ് എന്ന ഓട് നിർമാണ ഫാക്ടറിയും നെയ്ത്തുശാലകളുമാണ്. ഈ സംരംഭങ്ങൾ പിൽക്കാലത്ത് വലിയ വിജയങ്ങളായിത്തീർന്ന് ആയിരക്കണക്കിന് ആളുകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളായി പരിണമിക്കുകയും ചെയ്തു. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# സൗഖ്യദായകനായ യേശു

**അ**വർ അക്കരെ എത്തി, ഗന്നെസരേത്ത് ദേശത്ത് ചെന്നു. അവിടുത്തെ ജനങ്ങൾ അവൻ ആ രെന്ന് അറിഞ്ഞ് ചുറ്റുമുള്ള നാട്ടിൽ എല്ലാം ആളയച്ചു ദീനക്കാരെ ഒക്കെയും അവന്റെ അടുക്കൽകൊണ്ടുവന്നു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തൊടുവാൻ അനുവാദം ചോദിച്ചു.തൊട്ടവർക്ക് ഒക്കെയും സൗഖ്യം വന്നു (മത്തായി 14: 3436)

യേശുവും ശിഷ്യന്മാരും ഗന്നെസരേത്ത് ദേശത്ത് എത്തിയപ്പോൾ അവിടുത്തെ ജനങ്ങൾ യേശു ആരാണെന്ന് തിരിച്ചറിഞ്ഞു എന്നാണ് നാം ചിന്തിക്കുന്ന വേദഭാഗത്ത് കാണുന്നത്. അവർ യേശുവിനെ അറിഞ്ഞത് സൗഖ്യം പ്രദാനം ചെയ്യുവാൻ കഴിയുന്നവൻ എന്ന നിലയിലാണ്. അതുകൊണ്ട് അവർക്ക് ലഭിച്ച അവസരം അവർ പാഴാക്കിയില്ല. അവർക്കറിയാവുന്ന ദീനക്കാരെ എല്ലാം അവർ യേശുവിന്റെ അടുക്കൽ എത്തിച്ചു. മാത്രമല്ല ചുറ്റുമുള്ള നാട്ടിൽ എല്ലാം ആളയച്ചു ദീനക്കാരെ യേശുവിന്റെ അടുക്കൽ എത്തിച്ചു. കർത്താവ് രോഗികളെ എല്ലാം സൗഖ്യമാക്കി.

സൗഖ്യദായകൻ എന്ന നിലയിൽ യേശുവിലുള്ള അവരുടെ വിശ്വാസം വലുതായിരുന്നു. യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തൊട്ടാൽ സൗഖ്യം ഉണ്ടാകും എന്നവർക്ക് വിശ്വസിക്കുവാൻ കഴിഞ്ഞു. കർത്താവ് ധരിച്ച വസ്ത്രത്തിന് എന്തെങ്കിലും വിശേഷത ഉണ്ടെന്ന് അവർ കരുതിയതിനാൽ അല്ല; പ്രത്യുത കർത്താവിൽ ആയിരുന്നു അവരുടെ വിശ്വാസം. കർത്താവ് ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ തൊങ്ങൽ ആണ് അവർ തൊടുവാൻ ആഗ്രഹിച്ചത്. കർത്താവിന്റെ അനുവാദത്തോടെയാണ് അവർ അങ്ങനെ ചെയ്തതും. കർത്താവ് അനുവദിച്ചതിനാൽ ആണ് അവർക്ക് സൗഖ്യം ലഭിച്ചതും.

കർത്താവിന്റെ അനുവാദം കൂടാതെ, കർത്താവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട് സൗഖ്യം പ്രാപിച്ചതായി സുവിശേഷങ്ങളിൽ പറയപ്പെട്ടിരിക്കുന്നത് 12 വർഷങ്ങളായി രക്തസ്രാവം ഉണ്ടായിരുന്ന സ്ത്രീയാണ്. ജനക്കൂട്ടം തിക്കിത്തിരക്കുന്നതിനിടയിൽ കർത്താവിന്റെ അനുവാദം വാങ്ങുക എന്നത് ആ സ്ത്രീക്ക് പ്രായോഗികം ആയിരുന്നില്ല. അശുദ്ധയായ ആ സ്ത്രീ അവിടെ വരുന്നതിനുള്ള സമൂഹത്തിന്റെ വിലക്കും ഉണ്ട്. എന്നാൽ കർത്താവിൽ അവൾക്കുണ്ടായിരുന്ന വിശ്വാസത്താൽ അവൾ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. കർത്താവ് അത് അപ്പോൾ തന്നെ തിരിച്ചറിയുകയും തന്റെ വസ്ത്രം തൊട്ടത് ആരെന്നു ചോദിക്കുകയും ചെയ്തു. കർത്താവിന്റെ വസ്ത്രം തൊട്ടത് കർത്താവിനെ തൊട്ടതുപോലെ തന്നെയാണ് പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടാണ് ശിഷ്യന്മാർ

പറയുന്നത് പുരുഷാരം നിന്നെ തിക്കുന്നത് കണ്ടിട്ടും നിന്നെ തൊട്ടത് ആർ എന്ന് ചോദിക്കുന്നുവോ? (മർക്കോസ് 5: 31).

കർത്താവിനെ തൊട്ടവർക്ക്, തന്റെ വസ്ത്രം തൊട്ടവർക്കെല്ലാം തൽക്ഷണം സൗഖ്യം ലഭിച്ചു. സൗഖ്യമാക്കുവാൻ കർത്താവിൽ നിന്നും ശക്തി പുറപ്പെട്ടു. ഇന്നും വിശ്വാസത്തോടെ പ്രാർത്ഥനയിൽ നമുക്ക് യേശുവിനെ സ്പർശിക്കുവാൻ കഴിയും. കർത്താവിൽ നിന്ന് ലഭിക്കുന്ന രോഗസൗഖ്യം ഒരു വാസ്തവമാണ്. അതുകൊണ്ട് നിങ്ങളിൽ രോഗികളായവർ (ദീനമായി കിടക്കുന്നവർ) സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ എന്ന ഉപദേശം നമുക്ക് നൽകിയിരിക്കുന്നു.

വിശുദ്ധന്മാരുടെ വസ്ത്രത്തിനു വിശേഷത ഉണ്ടെന്നുള്ള അന്ധവിശ്വാസം ചില ക്രിസ്തീയ സമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്. യേശുകർത്താവിന്റെ വസ്ത്രം തൊട്ട് സൗഖ്യം പ്രാപിച്ച സംഭവം ഇതിന് തെളിവായി അവർ കാണിക്കുന്നു. പൗലോസിന്റെ റൂമാൽ, രോഗികളുടെ മേൽ ഇട്ടപ്പോൾ സൗഖ്യമായതും, പത്രോസിന്റെ നിഴൽ വീണപ്പോൾ രോഗികൾ സൗഖ്യമായതും ഒക്കെ അവർ കാണിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന രീതി നിലവിലുണ്ട്. ഈ അബദ്ധമായ ഉപദേശത്തിനെതിരെ ജാഗ്രത പാലിക്കേണ്ടത് ആവശ്യമാണ്. പൗലോസിന്റെ ശുശ്രൂഷയിലും പത്രോസിന്റെ ശുശ്രൂഷയിലും നടന്നത് ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണ്. അങ്ങനെ എല്ലായിടത്തും നടന്നിരുന്നില്ല. അവർ അതിനു വലിയ പ്രാധാന്യതയും കൊടുത്തിരുന്നില്ല. യേശുകർത്താവ് ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളോ, അപ്പോസ്തലന്മാരുടെ വസ്ത്രമോ മറ്റ് എന്തെങ്കിലുമോ ഒന്നും ശേഖരിക്കുവാൻ ആദ്യനൂറ്റാണ്ടിൽ ആരും ഒരുങ്ങാതിരുന്നതും അതുകൊണ്ടാണ്. ദൈവജനത്തെ വഴി തെറ്റിക്കാൻ പിശാച് പിന്നീട് ചിലരിലൂടെ കൊണ്ടുവന്ന ആശയമാണ് വിശുദ്ധന്മാരുടെ വസ്ത്രത്തിന് കൊടുക്കുന്ന പ്രസക്തി.

യേശുകർത്താവിന്റെ പരസ്യശുശ്രൂഷയിൽ ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. ധാരാളം രോഗികൾ അത്ഭുത സൗഖ്യം പ്രാപിച്ചു. എന്നാൽ തന്റെ സന്ദേശം മാനസാന്തരപ്പെടുക എന്നതായിരുന്നു. തന്റെ വീര്യപ്രവർത്തികൾ നടന്ന സ്ഥലങ്ങളിലെ ജനങ്ങൾ മാനസാന്തരപ്പെടാത്തതിൽ കർത്താവിന് വലിയ ദു:ഖം ഉണ്ടായിരുന്നു (മത്തായി 11 : 20-24 ). രോഗസൗഖ്യം പ്രാപിക്കുന്നവരെക്കുറിച്ചല്ല, പ്രത്യുത മാനസാന്തരപ്പെടുന്ന പാപിയെക്കുറിച്ചാണ് സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകുന്നത് (ലൂക്കോസ് 15 :7).

**ഇന്നും വിശ്വാസത്തോടെ പ്രാർത്ഥനയിൽ നമുക്ക് യേശുവിനെ സ്പർശിക്കുവാൻ കഴിയും. കർത്താവിൽ നിന്ന് ലഭിക്കുന്ന രോഗസൗഖ്യം ഒരു വാസ്തവമാണ്.**

കർത്താവ് ഭരമേൽപ്പിച്ച ശുശ്രൂഷ അപ്പോസ്തലന്മാർ തുടർന്നു ചെയ്യുമ്പോൾ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ദൈവം അവരെക്കൊണ്ട് ചെയ്യിപ്പിച്ചു. പക്ഷേ അവർ അതിന് അമിത പ്രാധാന്യം കൊടുത്തില്ല. അവർ പ്രസംഗിച്ചത് മാനസാന്തരം ആയിരുന്നു (അപ്പോസ്തല പ്രവർത്തികൾ : 2:38, 3:19, 14:15). എന്നാൽ ഈ കാലത്ത് മാനസാന്തരത്തിനുള്ള സന്ദേശം കുറയുകയും, രോഗശാന്തി എല്ലായിടത്തും പ്രസംഗവിഷയമായിരിക്കുകയും ചെയ്യുന്നു. സത്യസുവിശേഷം വിട്ട് ജനങ്ങൾ വഴിതെറ്റുന്നതിന് ഇത് കാരണമാകുന്നു.

കർത്താവ് ഈ ഭൂമിയിൽ മനുഷ്യനായി അവതരിക്കുമ്പോൾ പാപത്തിൽ നിന്നും രക്ഷിക്കുന്നവൻ എന്ന അർത്ഥത്തിലാണ് യേശു എന്ന പേർ സ്വീകരിച്ചത്. നമ്മുടെ പാപങ്ങൾക്ക് പരിഹാരം ആയിട്ടാണ് അവിടുന്ന് ക്രൂശിൽ മരിച്ചത്. യേശുവിനെ ഇന്ന് നാം പ്രസംഗിക്കേണ്ടത് ജനങ്ങൾ പാപത്തിൽ നിന്നും വിടുതൽ പ്രാപിച്ച് യേശുവിൽക്കൂടിയുള്ള നിത്യജീവനവകാശികളായി തീരേണ്ടതിനാണ്. ഈ മുഖ്യലക്ഷ്യം നാം കൈവിട്ട് കളയരുത്. രോഗികൾക്കായി പ്രാർത്ഥിക്കുവാൻ കർത്താവ് നമ്മെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാം അതു തീർച്ചയായും ചെയ്യണം. കർത്താവ് പ്രവർത്തിക്കും എന്നത് നിശ്ചയമാണ്. എന്നാൽ ജനങ്ങൾ യേശുവിനെ അവരുടെ രക്ഷകനും കർത്താവുമായി തിരിച്ചറിയേണ്ടിയിരിക്കുന്നു. അവർ നിത്യജീവനെ പ്രാപിക്കേണ്ടതിനു യേശുവിൽ വിശ്വസിക്കണം. ●

ളായിത്തീരുന്നു എന്നു പറയാൻ കഴിഞ്ഞത്. അവളെ നിറയ്ക്കുന്നതു വീഞ്ഞല്ല. അവളെ നിറയ്ക്കുന്നതു കർത്താവുതന്നെയാണ്! അവൾ നിറയുന്നത് കർത്താവിനാലാണ്!

വിശുദ്ധസംസർഗത്തിനു അടുത്തതായി നാം കാണുന്ന പേര് കർത്താവിന്റെ "മേശ" (Table) എന്നതാണ്! ഇതും വളരെ അർഥസംപുഷ്ടമാണ്. 'കർത്താവിന്റെ അത്താഴ'ത്തിൽ കർത്താവുതന്നെയാണു നമ്മുടെ ആതിഥേയൻ. അവിടുന്നു തന്റെ ശരീരത്തെയും രക്തത്തെയും നമുക്കു പങ്കുവെച്ചു. നാം അവന്റെ നിറവിൽനിന്നു നിറവു പ്രാപിച്ചു.

എന്നാലിതു ഒരു മേശയാണ്! മാംസവും രക്തവും ഒരു യാഗപീഠത്തെയാണോർപ്പിക്കുന്നതെങ്കിൽ "മേശ" ഒരു വിരുന്നിനെയാണോർപ്പിക്കുന്നത്. യാഗവേദിയെയും ഭക്ഷണത്തെയും ചേർത്തു പൗലൊസ് ഓർപ്പിക്കുന്നു: "യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ? (1 കൊരിന്ത്യർ10:18). ജഡപ്രകാരമുള്ള യിസ്രായേലിനെപ്പറ്റിയാണു ഇവിടെ പറയുന്നത്. മിസ്രയീമിൽനിന്നുള്ള അവരുടെ വീണ്ടെടുപ്പിനു മുന്നോടിയായി ഒരു കുഞ്ഞാട്-പെസഹ കുഞ്ഞാട്-യാഗമർപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ആ കുഞ്ഞാട് അവരുടെ മേശപ്പുറത്തെത്തുന്ന കാഴ്ചയാണു പെസഹയിൽ നാം കാണുന്നത്. യാഗം വേദനാജനകമാണെങ്കിലും മേശ ആഘോഷമാണ് (celebration). എന്നാൽ, ആ ആഘോഷത്തിൽ കുഞ്ഞാടിനെ മറക്കാൻ കഴിയില്ല. കാരണം, 'യാഗങ്ങൾ ഭുജിക്കുന്നവൻ യാഗപീഠത്തിന്റെ കൂട്ടാളികൂടിയാണ്! വേറൊരു രീതിയിൽ പറഞ്ഞാൽ യാഗങ്ങൾ ഭുജിക്കുന്നവൻ ആത്മാവിൽ യാഗത്തിന്റെ പങ്കാളിയാകുകയാണ്.

നമുക്കുള്ള യാഗപീഠം കാൽവറിയിലെ ക്രൂശാണ്. അവിടെ നമ്മുടെ കുഞ്ഞാട് അറുക്കപ്പെട്ടു. അവിടുന്ന് ഒരിക്കലായിട്ടു അറുക്കപ്പെട്ടു. അവിടുത്തെ മരണമാണു നമുക്കു വിമോചനം ഒരുക്കിയത്. ഓരോപ്രാവശ്യം നാം മേശയിൽ പങ്കാളികളാകുമ്പോഴും യാഗപീഠത്തിന്റെ (ക്രൂശിന്റെ) കൂട്ടാളികൾ (part takers) ആവുകയാണ്! ക്രൂശിന്റെ മാത്രമല്ല, ക്രൂശിതനായവന്റെയും! മേശയിൽ പങ്കാളികളാകുന്നവൻ കർത്താവിന്റെ കൂട്ടാളിയാകുന്നു.

പുരാതനകാലത്ത് "വിഗ്രഹമേശ" (idol table). ഒരു വിരുന്നിനായി നടത്തിയിരുന്നു. വിഗ്രഹത്തിന്റെ മുന്നിൽ ഭക്ഷണം അർപ്പിച്ചിട്ട് എല്ലാവരും,

**തിരുവത്താഴം 'കർത്താവിന്റെ അത്താഴമാണ്' അവിടുന്നു ആതിഥേയനായി നമുക്ക് തന്നെത്തന്നെ വിളമ്പിത്തരുന്നു. യേശുവിനാൽ മത്തുപിടിച്ചവരായിവേണം നാം തിരുവത്താഴത്തിൽനിന്നു എഴുന്നേറ്റുവരാൻ. ക്രൂശാണു നമ്മുടെയാഗപീഠം. അറുക്കപ്പെട്ട കുഞ്ഞാടിനാൽ നമുക്കുലഭിച്ചവിമോചനത്തിന്റെ ആഘോഷമാണ് "കർത്താവിന്റെ മേശ". അതു കർത്താവിനോടുള്ള അനുഗ്രഹത്തിന്റെ കൂട്ടായ്മയാണ്; നന്ദികരേറ്റലാണ്.**

ആ ഭക്ഷണം കഴിക്കുന്നവരെല്ലാം വിഗ്രഹത്തിന്റെ പങ്കാളികളായെന്നായിരുന്നു അവരുടെ ചിന്ത. അതു അവർ ആഘോഷമാക്കിയിരുന്നു. കർത്താവിന്റെ മേശ കർത്താവിന്റെ കൂട്ടായ്മ ആഘോഷിക്കുവാനാണ്! കൂട്ടായ്മ (Communion-Kononia) എന്ന വാക്ക് പൗലൊസ് ഇവിടെ ഉപയോഗിക്കുന്നുണ്ട്. (1 കൊരിന്ത്യർ 10:16). നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ?" യൂക്കാരിസ്റ്റ് (Eucharist) എന്ന വാക്കും തിരുവത്താഴത്തിനുപയോഗിക്കാറുണ്ട്. നന്ദികരേറ്റുക (giving thanks) എന്നാണ് ഈ പദത്തിനർഥം. 'അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി (നന്ദികരേറ്റി) നുറുക്കി ശിഷ്യന്മാർക്കു കൊടത്തു (മത്തായി 26:26; ലൂക്കൊസ് 22:19).

തിരുവത്താഴം 'കർത്താവിന്റെ അത്താഴമാണ്' അവിടുന്നു ആതിഥേയനായി നമുക്ക് തന്നെത്തന്നെ വിളമ്പിത്തരുന്നു. യേശുവിനാൽ മത്തുപിടിച്ചവരായിവേണം നാം തിരുവത്താഴത്തിൽനിന്നു എഴുന്നേറ്റുവരാൻ. ക്രൂശാണു നമ്മുടെ യാഗപീഠം. എന്നാൽ, അറുക്കപ്പെട്ട കുഞ്ഞാടിനാൽ നമുക്കു ലഭിച്ച വിമോചനത്തിന്റെ ആഘോഷമാണ് "കർത്താവിന്റെ മേശ". തന്റെ മേശയിൽ പങ്കാളികളായിത്തീരുമ്പോൾ, അതു കർത്താവിനോടുള്ള അനുഗ്രഹത്തിന്റെ കൂട്ടായ്മയാണ്; നന്ദികരേറ്റലാണ്. ●

## ➧ 13 ദൈവനീതിയിൽ നിന്നകറ്റുന്ന സ്വയ നീതി

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്. വിശ്വാസത്താൽ അത്രേ ജീവിക്കുന്നത് എന്ന ഭാഗം ശ്രദ്ധിക്കുക. എന്താണ് പൗലോസ് അനുഭവിക്കുന്ന വിശ്വാസത്താലുള്ള ജീവിതം? നാളെ എന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് ആരുടേയും മുൻപിൽ കൈ നീട്ടേണ്ടി വരില്ല എന്നാണോ? അതോ എന്നെ രോഗിയാക്കുകയില്ല എന്നാണോ? രോഗം വന്നാൽ ആശുപത്രിയിൽ പോകേണ്ടി വരില്ല എന്നും വിശ്വാസത്താൽ സൗഖ്യം പ്രാപിക്കും എന്നാണോ? ഇതൊന്നുമല്ല! ഞാനല്ല ക്രിസ്തുവത്രേ ജീവിക്കുന്നത് എന്നതാണ് വിശ്വാസ ജീവിതം. ഞാൻ അവന്റെ കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നതാണ് വിശ്വാസ ജീവിതം. അപ്പോൾ വിശ്വാസ ജീവിതം കൊണ്ട് പൗലോസിന് ലഭിക്കുന്നത് ഈ ലോകത്തിലെ യാതൊന്നുമല്ല, ക്രിസ്തുവിനെത്തന്നെ ആണ്. അതു കൊണ്ടാണ് ഫിലിപ്പിയ ലേഖനത്തിൽ പൗലോസ് പറയുന്നത്; ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നേ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും.... (ഫിലിപ്പിയർ 3:9,10). അതായതു, വിശ്വാസജീവിതം കൊണ്ട് നാം നേടുന്നത് ക്രിസ്തുവിനെത്തന്നെയാണ്. ആ ക്രിസ്തു നമ്മിൽ വസിക്കുന്നതാണ് ന്യായപ്രമാണത്തിൽ അവസാനം, അതായതു അതിന്റെ നിറവേറൽ. ഈ മാർമ്മീക സത്യം സ്വയനീതിയിൽ രസിക്കുന്ന ഒരാൾക്ക് മനസ്സിലാവില്ല. ആ ഒറ്റ കാരണത്താൽ ആണ് ഇസ്രയേൽ മക്കൾ ദൈവിക പ്രസാദത്തിനു വെളിയിൽ ആയിപ്പോയത്. ഇന്നും അനേകം നല്ലവരാവായ വിശ്വാസികൾക്കു, അല്ലെങ്കിൽ പ്രബോധകർക്കു ഈ മർമ്മം വെളിപ്പെടാതെ പോകുന്നത്. •

# വായനക്കാരുടെ അംഗീകാരത്തിനായി

**ലോകം എമ്പാടുമുള്ള സാമ്പത്തിക പ്രതിസന്ധി നേർവീഥി മാസികാശുശ്രൂഷകളെയും ഒരു പരിധി വരെ ദോഷമായി ബാധിച്ചിരിക്കുന്നു. തന്മൂലം നാമും പ്രതിസന്ധിയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കെയാണ് മാസികയ്ക്കുപയോഗിക്കുന്ന പേപ്പറിന്റെ വില 2022 മാർച്ചു മുതൽ ക്രമാതീതമായി വർധിച്ചത്. ഈ പ്രതിസന്ധിയോടൊപ്പം പേപ്പറിന്റെ ദൗർലഭ്യം പ്രശ്നത്തിന്റെ ആക്കം വർധിപ്പിക്കുകയും ചെയ്തു. മാർച്ചു മുതൽ മാസികയുടെ പ്രിന്റിങ് ചാർജ് വർധിപ്പിച്ചിരുന്നു. അടിക്കടി വർധിച്ചു വരുന്ന സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുവാൻ ഒരു ചെറിയ പരിധി വരെ വരിക്കാരും വായനക്കാരും സഹകരിച്ചു സഹായിക്കണം. ഇത് വരെ 200 രൂപയാണ് ഒരു വർഷത്തെ വരിസംഖ്യയായി വാങ്ങിയിരുന്നത്. 2017 നു ശേഷം വരിസംഖ്യ വർധിപ്പിച്ചിട്ടേയില്ല. എന്നാൽ 2022 ജൂലൈ മാസം മുതൽ 250 രൂപയായി വർധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പലരും ദീർഘ വർഷങ്ങളായി വരിസംഖ്യ പുതുക്കിയിട്ടുമില്ല. ഈ പശ്ചാത്തലത്തിൽ കുടിശിക ഉള്ളവർ അത് തീർക്കുകയും പുതിയ വരിസംഖ്യ 250 രൂപ എന്ന് കണക്കാക്കി ഈ സദുദ്യമത്തെ സാമ്പത്തികമായി സഹായിച്ച് സഹകരിക്കുകയും ചെയ്യണമെന്നു വിനീതമായി അപേക്ഷിക്കുന്നു.**

***എഡിറ്റോറിയൽ ബോർഡ്***

# ആത്മാവിന്റെ ഐക്യതയുടെ പ്രാധാന്യം

ക്രിസ്തുവിശ്വാസികൾ തമ്മിലുള്ള സ്നേഹവും സമാധാനവും ഐക്യതയും തിരുവെഴുത്തുകളിൽ വളരെ പ്രാധാന്യത്തോടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുശിഷ്യർ സ്നേഹത്തിൽ വർധിച്ചു വരണം എന്നുള്ള യേശുക്രിസ്തുവിന്റെ ആഗ്രഹത്തിന്റെ വെളിപ്പെടുത്തലാണ് യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിലെ മഹാപുരോഹിത പ്രാർത്ഥന. അവിടുന്ന് പിതാവിനോട് പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണല്ലോ. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നത് പോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലും ആയി ഐക്യത്തിൽ തികഞ്ഞവരായി രിക്കേണ്ടതിനു തന്നെ .

അപ്പോസ്തലനായ പൗലോസ് വളരെ തീഷ്ണതയോടെ ആണ് ക്രിസ്തീയ ഐക്യത്തിന്റെ പ്രാധാന്യം ദൈവ സഭകളെ ഓർമ്മിപ്പിക്കുന്നത്! കൊരിന്ത്യസഭയിലെ അനൈക്യവും പക്ഷം പിടിക്കലും തന്നെ എത്ര മാത്രം ദു:ഖിപ്പിച്ചിരുന്നു എന്നതിന്റെ വെളിപ്പെടുത്തൽ ആയിരുന്നു ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ എന്ന ചോദ്യം. എഫെസോസിലെ വിശ്വാസികൾക്ക് എഴുതുമ്പോൾ ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാക്കണമെന്ന് നിഷ്കർഷിക്കുന്നു. വിഘടിപ്പിക്കുവാനോ വിഭജിക്കപ്പെടുവാനോ ഉള്ളതല്ല ക്രിസ്തുവിന്റെ ശരീരമായ  സഭയെന്ന് ഇതര ലേഖനങ്ങളിലും വിശുദ്ധ പൗലോസ് വ്യക്തമാക്കി. വിശ്വാസികൾ ആത്മീയമായ ഐക്യവും അനുകമ്പയും സഹോദര സ്നേഹവും ഉള്ളവരായിരിപ്പിൻ എന്നാണ് പത്രോസ് അപ്പോസ്തോലനും ഓർമ്മിപ്പിക്കുന്നത്. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണമെന്ന് യേശുവിന്റെ കല്പനയെ വിശുദ്ധ യോഹന്നാനും അടിവരയിടുന്നു. അതെ, വിശ്വാസികൾ എല്ലാവരും തമ്മിൽ സ്നേഹിക്കുകയും പരസ്പരം സമാധാനമായിരിക്കുന്നതിന് ഉത്സാഹിക്കുകയും ചെയ്യുവിൻ എന്ന അപ്പോസ്തോലിക വചനം അവഗണിക്കപ്പെടുമ്പോൾ ശിരസായ ക്രിസ്തുവിന്റെ നാമമാണ് അപകീർത്തിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ മണവാട്ടിയായി രൂപപ്പെടേണ്ട സഭയെക്കുറിച്ചുള്ള ദർശനം ഇല്ലാതെപോകുമ്പോഴാണ് വിശ്വാസികളിൽ അനൈക്യവും അസമാധാനവും പെരുകുന്നത്. അഥവാ, സമാധാന ബന്ധത്തിലുള്ള ആത്മാവിന്റെ ഐക്യതയുടെ ഉൾക്കാഴ്ച ഇന്ന് പലരിലും ഇല്ലാതെ പോകുന്നു! സഭയും സഭാ സംഘടനയും ഒന്നാണെന്ന് തെറ്റിദ്ധരിച്ച് സംഘടനകളിൽ നടമാടുന്ന വിദ്വേഷവും ഗ്രൂപ്പിസവും പോർവിളിയും ഒക്കെ ഇന്ന് വിശ്വാസികളുടെ ഇടയിൽ ശീലമാകുന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.

ഒരു മന:പ്പെട്ട് കൂട്ടായ്മ ആചരിച്ച്, അപ്പം നുറുക്കി ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുസരിക്കുന്ന വിളിക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടമാണ് ദൈവത്തിന്റെ സഭ. ഒരുമന:പ്പെട്ടു കാത്തിരുന്നവരുടെ നടുവിലേക്കാണ് പെന്തക്കോസ്ത് പെരുന്നാൾ ദിനം പരിശുദ്ധാത്മാവ് മുഴു തേജസ്സോടും ശക്തിയോടും കൂടി ഇറങ്ങി വന്നത്. വിഭാഗീയത വെടിഞ്ഞ് ദൈവജനം ഐക്യമായി നിരന്തരം പ്രാർത്ഥിച്ച സ്ഥലങ്ങളിൽ മാത്രമേ ഉണർവ്വ് സംഭവിച്ചിട്ടുള്ളൂ.

ഉവ്വ്, ഏകപ്രത്യാശയ്ക്കായി വിളിക്കപ്പെട്ട സഭയ്ക്ക് ഒരേ ശരീരം, ഒരേ ആത്മാവ്, ഒരേ കർത്താവ്, ഒരേ വിശ്വാസം, ഒരേ സ്നാനം. സർവ്വത്തിലൂടെയും സർവ്വത്തിലും വർത്തി ക്കുന്ന പരമോന്നതനും എല്ലാവരുടെയും പിതാവും ദൈവവും ആയവൻ ഒന്ന് എന്ന സത്യവചനമാണ് സമാധാന ബന്ധത്തിലുള്ള ആത്മാവിന്റെ ഐക്യതയ്ക്ക് അടിസ്ഥാനം!

-എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

KANJIKUZHY - KOTTAYAM

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക
വരിസംഖ്യ
250 രൂപ

**നേർവീഥി**

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.07.2022

NERVEEDHI - JULY 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)


## ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

Address for Communication :

**NERVEEDHI,**
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com


Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.